For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ

Reg. No. M6/33628/2001

Postal Reg. No.
KL/CR/EKM/429/2006-08

Annual Subscription Rs. 50

വാല്യം - 7 | ലക്കം - 8 | ജൂലൈ 2008

വാർത്താപത്രിക

# പക്കാഞ്ചോർ വിളിക്കുന്നു

ഭിലായ് സഭയിൽ നിന്ന് 1994ലാണ് സാംസൺ നൈനാൻ (മോനി), തോമസ് ജോസഫ് (ലാൻസി) എന്നീ ചെറുപ്പക്കാർ മദ്ധ്യപ്രദേശിലെ (ഇപ്പോൾ ഛത്തീസ്ഗഡ്) ആദിവാസി ജില്ലയായ കാങ്കീറിലെ പക്കാഞ്ചോറിൽ മിഷൻ പ്രവർത്തനത്തിനായി വന്നത്. ഏപ്രിൽ മാസം മുതൽ നവംബർ 1 വരെ അഹോരാത്രം പണിയെടുത്തപ്പോൾ ദൈവകൃപയാൽ 6 പേർ സ്നാനപ്പെട്ടു.



കാർട്ടേഴ്സ്

അങ്ങനെ സഭാ കൂടിവരവ് തുടങ്ങി. മിഷനറിമാർ എന്നു പറഞ്ഞാൽ സ്കൂളുകൾ, ആശുപത്രികൾ ഇവ കൊണ്ടുവരുന്നവരാണെന്ന് തദ്ദേശവാസികൾ കേട്ടിട്ടുണ്ട്. 300 വില്ലേജുകളും 2 ലക്ഷം ആളുകളുമുള്ള ഈ സ്ഥലത്ത് പാവപ്പെട്ടവർക്കായി ഒരാശുപത്രി തുടങ്ങരുതോ എന്ന് ഗ്രാമത്തിലെ ഉപമുഖ്യൻ പറഞ്ഞാണ് ആശുപത്രിയെപ്പറ്റി ചിന്തിക്കാൻ ഇടയാക്കിയത്. 100 കിലോമീറ്റർ കഴിഞ്ഞാലേ ആശുപത്രി സൗകര്യം ഉള്ളൂ എന്നതും ഒരു വെല്ലുവിളിയായിരുന്നു.

അങ്ങനെയാണ് 1996ൽ ആഴ്ചതോറും “ആശാകിരൺ ചികിത്സാലയ” എന്ന പേരിൽ ഒരു ദിവസത്തെ ക്ലിനിക് ആരംഭിച്ചത്. അന്ന് രാജ്നന്ദഗാവിലെ സഭാംഗമായിരുന്നു ഡോ. ഫിലിപ്പ് നെൽസൺ 1 വർഷം സഹായിക്കാമെന്ന് പറഞ്ഞു. തുടർന്ന് എന്തു ചെയ്യണമെന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് കേരളത്തിൽ നിന്നു സഹോ. സാം മാത്യുവും, ഡോ. ബീനയും എത്തിച്ചേർന്നത്. വാടകയ്ക്കെടുത്ത ഷെഡ്ഡിൽ കറന്റുപോലുമില്ലാതെ ശസ്ത്രക്രിയകൾ വരെ നടന്നത് ചരിത്രമാണ്. അനേകർ സൗഖ്യം പ്രാപിച്ചു. പല കുടുംബങ്ങൾ രക്ഷിക്കപ്പെട്ടു. വരുന്ന എല്ലാവരോടും ഡോ. ബീന സുവിശേഷം പങ്കുവെയ്ക്കുമായിരുന്നു. തിരക്കാണെങ്കിൽ ലാബ് ടെക്നീഷ്യനും നേഴ്സുമാർക്കും കുറിപ്പ് കൊടുക്കും. “ഇവരോട് സുവിശേഷം പറയണമെന്ന്”. സദ്വാർത്ത കേൾക്കാതെ ആരും പോകില്ല. ദിനംതോറും 100 രോഗികളെങ്കിലും വരും. രാവിലെ ബൈബിൾ ധ്യാന സമയത്ത് ശ്രദ്ധിക്കാൻ രോഗികളും കൂടെയുള്ളവരും കാണും. 2 വർഷങ്ങൾക്കിടയിൽ 13 പ്രാവശ്യം ഡോ. ബീന മലേറിയ ബാധിതയായി. ഒരു പ്രാവശ്യം ഗുരുതരാവസ്ഥയിലുമായി. ഇതിനിടയിൽ 99ൽ സഹോ. സാംസൺ ഡന്റൽ ഡോക്ടറായ പ്രിനിയെ വിവാഹം കഴിച്ചതോടെ ദന്തവിഭാഗവും തുടങ്ങി. 2000-ൽ ഡോ. ബീനയ്ക്കു മടങ്ങിപ്പോകേണ്ടിവന്നതിനാൽ മറ്റാരെയും സ്ഥിരമായി കിട്ടാതെ വന്നപ്പോൾ പ്രവർത്തനം നിർത്തിവച്ചു. ഇതിനിടയിൽ ഒന്നര ലക്ഷം രൂപയ്ക്ക് 3 ഏക്കറോളം (ഇന്ന് ഒന്നര കോടി!) സ്ഥലം വാങ്ങിയിരുന്നു. ദൈവം അത്ഭുതകരമായി വഴിയൊരുക്കിയതിനെ തുടർന്ന് മനോഹരമായ ആശുപത്രി കെട്ടിടവും ഡോക്ടർമാർക്കു താമസിക്കാൻ ക്വാർട്ടേഴ്സും പണിതു.



ആശുപത്രി കെട്ടിടം

സാംസനും പ്രിനിയും അഭിമുഖീകരിച്ച മറ്റൊരു വെല്ലുവിളിയായിരുന്നു പ്രിനിയുടെ അസുഖം. SLE അഥവാ ശരീരത്തിന്റെ പ്രതിരോധശക്തി കൂടിയിട്ട് ശരീരത്തിനെതിരേ പ്രവർത്തിക്കുന്ന അപൂർവ്വ രോഗം പിടിപെട്ട് തുടർച്ചയായി ഇപ്പോഴും വെല്ലൂരിലെ ചികിത്സയിൽ കഴിയുന്നു. പുതിയ കെട്ടിടത്തിൽ ഡെന്റൽ യൂണിറ്റ് പ്രവർത്തിക്കുന്നു. ഡോ. പ്രീനിയെ കൂടാതെ രണ്ട് ജോലിക്കാരും ഉണ്ട്. എക്സ് റേ, ലാബ്, ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ എല്ലാം റെഡിയാണ്. 3 ദിവസം കൊണ്ട് പ്രവർത്തനം ആരംഭിക്കത്തക്കവിധം ഈ ആശുപത്രി കാത്തിരിക്കുന്നത് ഡോക്ടർമാരെയാണ്. ഏകദേശം 45ഓളം വിശ്വാസികളും സ്വന്തമായ നല്ലൊരു സഭാഹാളും ഉള്ള



സാംസൺ, പ്രിനി, മകൾ എമി

പക്കാഞ്ചോർ സഭയുടെ പിന്തുണയുമുണ്ട്. ആദിവാസികളിൽ നിന്നും ബംഗ്ലാദേശ് അഭയാർത്ഥികളിൽ നിന്നുമായി വന്നിട്ടുള്ള വിശ്വാസികളും പ്രതീക്ഷയോടെ പ്രാർത്ഥിക്കുന്നു. ലോകമെങ്ങുമുള്ള ദൈവജനത്തിന്റെ പ്രാർത്ഥനയും വിശ്വാസികളായ ഡോക്ടേഴ്സിന്റെ സാന്നിദ്ധ്യവും കൂടിയായാൽ പക്കാഞ്ചോറിൽ ആശയുടെ കിരണങ്ങൾ കാണാം.

## കോളജ് സ്റ്റുഡൻസ് ക്യാമ്പ് -2008

പ്രാദേശിക ബ്രദ്റൻ സഭകളുടെ സഹകരണത്തിൽ 1989 മുതൽ നടത്തിവരുന്ന കോളജ് സ്റ്റുഡൻസ് ക്യാമ്പ് തിരുവല്ല മെഡിക്കൽ മിഷൻ കോളജ് ഓഫ് നേഴ്സിംഗ് ക്യാമ്പസിൽവച്ച് സെപ്തംബർ 6 മുതൽ 9 വരെ നടക്കുന്നു. കോളജ്, പ്ലസ് ടു, പാരലൽ കോളജ്, ഹയർ സെക്കന്ററി, ഐ.ടി.ഐ, നേഴ്സിംഗ്, മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ആദ്യ ദിവസം മുതൽ മുഴുവൻ സമയവും പങ്കെടുക്കണം. ഉപരിപഠന സാദ്ധ്യതകളും കരിയർ തെരഞ്ഞെടുപ്പും, ക്യാമ്പസ്സിലെ സാക്ഷ്യജീവിതം, സമയ വിനിയോഗം, ഭാവി തീരുമാനങ്ങൾ, വിജയകരമായ ക്രിസ്തീയ ജീവിതം കൂടാതെ ആരാധന, സംഗീത അഭ്യാസനം, ചർച്ചകൾ, ഗെയിംസ്, ചോദ്യോത്തരങ്ങൾ, കരിയർ ഗൈഡൻസ് ബൂത്തുകൾ എന്നിവയും... ഭക്ഷണം, താമസം എന്നിവയ്ക്ക് 450 രൂപയോളം ചിലവുവരും. അത്രയും തുക ദൈവം നിങ്ങൾക്ക് തന്നിട്ടുണ്ടെങ്കിൽ ഫെയ്ത്ത് ബോക്സിൽ ഇടുക. ഇല്ലെങ്കിൽ അവരവരുടെ പ്രാപ്തി അനുസരിച്ച്. കർത്താവ് പ്രേരണ നൽകുന്ന വ്യക്തികൾക്കും സഭകൾക്കും കൂട്ടായ്മ കാണിക്കാൻ അവസരമുണ്ട്. വിലാസം – Robert Thomas, Ebenezer, Rubber Board PO, Kottayam - 686 009.

തിരുവല്ല പായിപ്പാട് കവിയൂർ റൂട്ടിൽ ആഞ്ഞിലിത്താനത്താണ് ക്യാമ്പ് സെന്റർ. സെപ്തംബർ 6ന് വൈകിട്ട് 3 മുതൽ തിരുവല്ല റെയിൽവേസ്റ്റേഷനിലും, കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസ്സ് സ്റ്റാന്റുകളിലും ബാഡ്ജ് ധരിച്ച് വോളന്റിയേഴ്സ് കാത്തുനിൽക്കും. രജിസ്റ്റർ ചെയ്യുന്നതിന് പേര്, വിലാസം, പിൻകോഡ്, ഫോൺ, രക്ഷകർത്താവിന്റെ പേര്, സഭ, പഠിക്കുന്ന സ്ഥാപനം, കോഴ്സ് ഇവ എഴുതി ഒപ്പിട്ട് ക്യാമ്പ് നിബന്ധനകൾ അനുസരിക്കുന്നതാണ് എന്ന ഉറപ്പോടെ കാർഡിലോ ഇൻലന്റിലോ അയക്കുകയോ ഫോണിൽ അറിയിക്കുകയോ ചെയ്യുക. ആഗസ്റ്റ് 31ന് മുൻപ് രജിസ്റ്റർ ചെയ്യണം. വിലാസം CSC, PO Box No. 4, Kuttapuzha, Thiruvalla - 689 103. ക്യാമ്പിനു വേണ്ടി ബെന്നി ഫിലിപ്പ്, ബെഞ്ചമിൻ ജോസഫ് (0469 2601532)

## വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ്-2008

രണ്ടു വർഷത്തിൽ ഒരിക്കൽ എല്ലാ വൈ.എം.ഇ.എഫ് ഡിവിഷനുകളേയും ഉൾപ്പെടുത്തി കൊണ്ട് ജനറൽ വൈ.എം.ഇ.എഫ്. നടത്തി വരുന്ന ജനറൽ ക്യാമ്പ് ഈ വർഷം ഓണം അവധിക്കാലത്ത് ഹൈറേഞ്ച് ഡിവിഷനിൽ തേക്കടിയിൽ (കുമളി) വച്ച് നടക്കുന്നു.

2008 സെപ്റ്റംബർ 9 ചൊവ്വ മുതൽ 13 ശനി വരെ കുമളി ഹോളിഡേ ഹോമിൽ വച്ചാണ് ക്യാമ്പ് നടത്തുന്നത്. ബൈബിൾ ക്ലാസ്, ക്യാരക്ടർ സ്റ്റഡി, മിഷനറി സമ്മേളനം, വചന ധ്യാനം, ഗ്രൂപ്പ് പ്രാർത്ഥന, സം ഗീതാഭ്യസനം, ബൈബിൾ ക്വിസ്, ചോദ്യോത്തരവേള, സാക്ഷ്യങ്ങൾ തുടങ്ങിയ വിവിധ പ്രോഗ്രാമുകൾ ക്രമീകരിച്ചിട്ടുണ്ട്.

സാബു മാത്യു,
(ജനറൽ സെക്രട്ടറി).



# കേരളത്തിന്റെ തീരപ്രദേശങ്ങൾ

ഭാരത ചരിത്രത്തിന്റെ ഏടുകളിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ക്രിസ്തുശിഷ്യനായ വിശുദ്ധ തോമസ് അപ്പോസ്തലന്റെ ഭാരത സന്ദർശന വിവരണം ഇങ്ങനെ. എ.ഡി. 52-ൽ തുറമുഖ പട്ടണമായ കൊടുങ്ങല്ലൂരിൽ വി. തോമസ് വന്നിറങ്ങി. മാലിയങ്കരയിലെ ജനങ്ങളോട് സുവിശേഷം അറിയിച്ചതിനെ തുടർന്ന് നാല് ബ്രാഹ്മണ കുടുംബത്തിൽ നിന്നുള്ളവരടക്കം അനേകർ ക്രിസ്ത്യാനികളായി. അവിടെ നിന്ന് നിരണം, പാലയൂർ, നിലയ്ക്കൽ, കോട്ടയ്ക്കാവ്, ഗോക്കമംഗലം, കൊല്ലം എന്നിവിടങ്ങളിൽ സഞ്ചരിച്ച് സഭകൾ സ്ഥാപിച്ചു. പിന്നീട് കിഴക്കൻ തീരദേശത്തേയ്ക്ക് സുവിശേഷവുമായി പോയ അപ്പോസ്തലൻ അവിടെയും ചില സഭകൾ സ്ഥാപിച്ചു. എ.ഡി. 72-ൽ മദ്രാസിനടുത്ത് മൈലാപ്പൂരിൽ വെച്ച് കൊല്ലപ്പെട്ടു. ഭാരത ചരിത്രത്തിൽ തങ്കലിപികളാൽ എഴുതിയിരിക്കുന്ന ഈ സംഭവം ആരംഭിക്കുന്നത് കേരളത്തിലെ ഒരു തീരപ്രദേശത്താണ്.

ക്രിസ്തീയ ചരിത്രത്തിന്റെ ഭൂരിഭാഗം പശ്ചാത്തലവും തീരപ്രദേശങ്ങളാണ്. ക്രിസ്തീയ വിശ്വാസവും വേരോടി തുടങ്ങിയതും തീരങ്ങളിൽ തന്നെ. കേരളത്തിന്റെയും ക്രിസ്തീയ ചരിത്രം വേറൊന്നല്ല. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് മാലിയങ്കരയിൽ കത്തിപടർന്ന ക്രിസ്തീയ വിശ്വാസത്തിന്റെ തീ ഭാരതത്തിന്റെ ഇതരഭാഗങ്ങളിലും ആളിപടർന്നു. ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ ഉദാത്തമായ ഒരു സംസ്ക്കാരം കെട്ടിപ്പടുക്കുവാൻ ക്രിസ്ത്യൻ വിശ്വാസത്തിനായി എന്നത് വിസ്മരിക്കാനാവുതല്ല. ഇന്ന് ന്യൂനപക്ഷമെങ്കിലും നിർണായക ശക്തിയായി നിലകൊള്ളുന്ന ക്രിസ്തീയ സമൂഹം കാലാന്തരത്തിൽ വിശ്വാസ മൂല്യച്ച്യുതിക്ക് വിധേയരായി. വിശ്വാസം, ആചാരവും കർമ്മവുമായി വഴിമാറി. മറ്റ് മതങ്ങളിൽ നിന്നുള്ള കടമെടുപ്പും ക്രിസ്ത്യാനികളെ നാമധേയർ എന്ന തലത്തിലേക്ക് താഴ്ത്തി. എന്നാൽ നൂറ് വർഷങ്ങൾക്ക് മുമ്പ് ഒരു നവ്വോദ്ധാനം കേരളത്തിലുണ്ടായി. വിദേശ ബ്രദ്റൻ മിഷണറിമാരും, ‘വിയോജിതരും’ ഒന്നിച്ചപ്പോൾ കേരളത്തിൽ വീണ്ടും സത്യവിശ്വാസ കൂട്ടങ്ങൾ വേരുറപ്പിച്ചു. മലനാട്ടിലും, ഇടനാട്ടിലും ഘോഷിക്കപ്പെട്ട സുവിശേഷം പക്ഷെ വേണ്ടത്രവിധം തീരദേശങ്ങളിൽ ചെന്നെത്തിയില്ല.

കേരളത്തിന്റെ തീദരേശം 590 കിലോ മീറ്ററാണ്. തിരുവനന്തപുരം മുതൽ കാസർകോട്ടു വരെയുള്ള ഈ മേഖല മത്സ്യസമ്പത്തു കൊണ്ടു മാത്രമല്ല കരിമണൽ എന്ന ധാതു നിക്ഷേപം കൊണ്ടും സമ്പന്നമാണ്. പരമ്പരാഗത രീതിയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരും ആധുനിക സംവിധാനങ്ങളുടെ സഹായത്താൽ മീൻപിടിക്കുന്നവരും ഇടകലർന്നതാണ് മത്സ്യബന്ധന മേഖല. സർക്കാർ ഭാഷയിൽ പറഞ്ഞാൽ വളരെ ‘സെൻസിറ്റീവ്’ ആണ് കേരളത്തിന്റെ മിക്ക തീരപ്രദേശവും. ഒരർത്ഥത്തിൽ കേരളത്തിന്റെ ചരിത്രത്തിൽ നോക്കിയാൽ കാണാം പൂന്തുറ മുതൽ കാഞ്ഞങ്ങാട് വരെയുള്ള പ്രദേശങ്ങളിൽ ഉണ്ടായ വർഗ്ഗീയ സ്പർദയും അതുമൂലം പൊട്ടിപുറപ്പെട്ട കലാപങ്ങളും.



മത്സ്യതൊഴിലാളി - തീരത്തുനിന്ന് ഒരു ദൃശ്യം

എന്നാൽ ഇന്ന് സ്ഥിതി ശാന്തമാണ്. പ്രധാന മത്സ്യതുറമുഖ മേഖലകൾ ഒഴിച്ചു നിർത്തിയാൽ ഈ തൊഴിലിൽ ഏർപ്പെടുന്നവർ വളരെ കുറവാണ്. ഇതിന് പ്രധാന കാരണം വിദേശത്ത്, പ്രത്യേകിച്ച് ഗൾഫിലേക്ക് നിർമ്മാണ തൊഴിലിനായ് അനേകം അവസരങ്ങൾ ഉണ്ടായി എന്നതു കൊണ്ടാണ്. പൊതുവേ തീരദേശവാസികൾ സമ്പാദിക്കുവാൻ പഠിച്ചവരല്ല. “ഇന്ന് കിട്ടുന്നതുകൊണ്ട് ഇന്ന്” എന്ന തത്വ

ശേഷം 3-ാം പേജിൽ

# ? ചോദ്യവേദി

ചോദ്യവേദിയിലൂടെ നിങ്ങളുടെ സംശയങ്ങൾക്ക് ഉത്തരവും, ആവശ്യമുള്ള മാർഗ്ഗനിർദ്ദേശവും നൽകുന്നതാണ്. ഈപ്രാവശ്യം പൊതുവായ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകിയിരിക്കുന്നത്. യൂത്ത് ഗൈഡ്, കുടുംബവേദി, ആരോഗ്യരംഗം, നിയമവും നമ്മളും തുടങ്ങിയവയുമായി ബന്ധപ്പെട്ടതും മറ്റു പൊതുപ്രയോജനം ചെയ്യുന്ന ചോദ്യങ്ങളും ചോദിക്കാം. അതാത് മേഖലകളിൽ പ്രാവിണ്യം തെളിയിച്ച സഹോദരീസഹോദരന്മാരായിരിക്കും ഉത്തരം നൽകുക. റിന്യൂവൽ നയമനുസരിച്ചല്ലാത്ത ചോദ്യങ്ങൾ പരിഗണിക്കുന്നതല്ല. ചോദ്യങ്ങൾ അയക്കേണ്ട വിലാസം – The News Editor, Renewal, MRA 19A, Madathuvila Lane, Medical College P.O., Trivandrum - 695011.

**? ആത്മീകമായി നല്ല നിലയിൽ ജീവിക്കണെമെന്ന് ആഗ്രഹിച്ചിട്ടും സാധിക്കാതെ പോകുന്നതെന്തുകൊണ്ടാണ്? വിട്ടുമാറാത്ത ചില പാപപരിചയങ്ങളിൽ നിന്ന് രക്ഷനേടുവാനുള്ള നർദ്ദേശങ്ങൾ നൽകാമോ?**

● ആത്മീകമായി ജീവിക്കുവാൻ ആഗ്രഹിക്കുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? കേവലം ഒരു താല്പര്യം അഥവാ ആശ മാത്രമാണോ? ആശിച്ചതുകൊണ്ടുമാത്രം ഒരു കാര്യങ്ങളും സാധിക്കുകയില്ല. ബിരുദത്തിനു പഠിക്കുന്ന ഒരു വിദ്യാർത്ഥി ഫസ്റ്റ്ക്ളാസിൽ പാസ്സാകണമെങ്കിൽ ആഗ്രഹിച്ചാൽ മതിയോ? ആഗ്രഹം ആദ്യം ഉണ്ടാകണമെന്നതു ശരിയാണ്. പക്ഷേ അതു സംബന്ധിച്ച് എന്തു ചെയ്യുന്നു എന്നതാണ് ആഗ്രഹം വാസ്തവത്തിലുള്ള ആഗ്രഹമാണോ എന്നതിന്റെ തെളിവ്. ഈ കാര്യത്തിൽ ആത്മാർത്ഥ താല്പര്യം ഉണ്ടെങ്കിൽ അതിനായി അവൻ കഠിനാദ്ധ്വാനം ചെയ്യുകയും സമയം പാഴാക്കാതെ പഠിക്കുകയും ചെയ്യും. എങ്കിലേ ഫസ്റ്റ്ക്ളാസ്സ് കിട്ടുകയുള്ളൂ. അതുപോലെ ആത്മീകമായി ഉയരുവാൻ വാസ്തവത്തിൽ വാഞ്ഛ ഉള്ള ഒരുവൻ അതിനായി ചെയ്യേണ്ടതെല്ലാം ചെയ്യാൻ തയ്യാറാകും. പാപത്തിന്റെ ഭോഗങ്ങളെ നിരസിക്കുകയും ഓരോ പരീക്ഷയുടെയും ഘട്ടത്തിൽ ദൈവത്തോട് വിശ്വസ്തത പാലിക്കാൻ ശ്രമിക്കുകയും ദൈവസന്നിധിയിൽ സമയം ചിലവഴിക്കുകയും ചെയ്യും. ഈ നിലയിൽ ബുദ്ധിമുട്ടുകൾ സഹിക്കാൻ തയ്യാറാകണം. "നീതിക്കുവേണ്ടി വിശന്നു ദാഹിക്കുന്നവർക്ക് തൃപ്തി വരും." എന്ന് കർത്താവ് പറഞ്ഞിട്ടുണ്ടല്ലോ. നാം വാസ്തവമായി ആഗ്രഹിച്ചിട്ടും ദൈവം ആ താല്പര്യം നിവർത്തിച്ചില്ലെന്ന് ഒരിക്കലും വരികയില്ല. എന്നാൽ ഇവിടുത്തെ പ്രശ്നം ആഗ്രഹം എന്നുപറയുന്നത് കേവലം ഒരു ആശ മാത്രമാണോ അതോ ഉൽക്കടമായ ഒരു ദാഹമാണോ എന്നുള്ളതാണ്.

ഇങ്ങനെ ഓരോ കാര്യത്തിലും ബുദ്ധിമുട്ടുകൾ സഹിച്ച് മുന്നോട്ട് പോകുവാൻ ആഗ്രഹിക്കുന്നവർക്കേ ആത്മീകമായി ഉയരാൻ സാധിക്കുകയുള്ളൂ. ജീവിതത്തിൽ ഏതു തുറകളിൽ ഉയരണമെങ്കിലും അതിനായുള്ള ചില ബുദ്ധിമുട്ടുകൾ സഹിക്കണം. ആത്മീയ വളർച്ച സൂത്രത്തിൽ ഒരിക്കലും സാധിക്കയില്ല. അതിനായി വിലകൊടുക്കാൻ തയ്യാറുള്ളവർക്കു മാത്രം സാധിക്കുന്ന ഒരു കാര്യമാണത്. ജീവിതത്തിന്റെ എല്ലാ തുറകളിലും ദൈവത്തോട് വിശ്വസ്തത പാലിക്കുകയും സ്വന്തതാല്പര്യങ്ങൾ നടക്കാതെ പോകുന്നതിലുള്ള വേദന സഹിക്കാൻ തയ്യാറാവുകയും വേണം. പരീക്ഷകൾക്കു കീഴടങ്ങുന്നതിനാൽ ലഭിക്കുന്ന സന്തോഷത്തെക്കാളും പാപഭോഗങ്ങളേക്കാളും കർത്താവിനെ സ്നേഹിക്കുന്ന ഒരു നിലപാട് ഓരോ നിമിഷവും എടുക്കുന്ന ഒരുവനേ യഥാർത്ഥ ആത്മീയനായി തീരുവാൻ കഴിയുകയുള്ളൂ.

ചില വിശ്വാസികൾ തുടരെത്തുടരെ അടിമകളായിപ്പോകുന്ന ചില പാപങ്ങളുണ്ട്. രക്ഷപെടാനായി ഒന്നാമത്, സ്വന്തജഡത്തിൽ യാതൊരു നന്മയും വസിക്കുന്നില്ല എന്നും സ്വന്തശ്രമത്താൽ വിജയം സാധിക്കുകയില്ല എന്നും ദൈവ മുൻപാകെ സമ്മതിക്കണം. നമ്മുടെ കഴിവില്ലായ്മയെ ശരിയായി നാം തന്നെ കാണണം. ഇതിൽ നിന്ന് വിടുവിക്കുവാൻ കർത്താവിന് കഴിയുമെന്ന് വിശ്വസിച്ച് അവനിൽ ആശ്രയിക്കണം. ഈ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് റോമർ 6:14 അനുസരിച്ച് വിടുതൽ പ്രാപിക്കാനുള്ള കൃപ ലഭ്യമാണെന്നറിഞ്ഞ് ആ കൃപയ്ക്കായി യാചിക്കണം. ആ പാപത്തിൽ നിന്നു ലഭിക്കുന്ന സന്തോഷത്തോടുള്ള സ്നേഹം മതിയാക്കണം. ആ സന്തോഷം ഇനി വേണ്ട എന്ന് ഹൃദയത്തിൽ ഉറയ്ക്കണം.

കൂടാതെ പ്രായോഗികമായി ആ പാപത്തിനടിമപ്പെടാൻ സാദ്ധ്യതയുള്ള സകല സാഹചര്യങ്ങളും കഴിവതും ഒഴിവാക്കുക. ആ പാപത്തിലേക്ക് നയിക്കാൻ സഹായകരമായ എല്ലാറ്റിൽ നിന്നും അകന്നിരിക്കുകയും വേണം. അതായത് അശുദ്ധചിന്തയ്ക്ക് അടിമപ്പെട്ടുപോവുക എന്നതാണ് പാപം എങ്കിൽ അതിനു സഹായകരമായ പുസ്തകങ്ങൾ, മാസികകൾ, ടി.വി. പരിപാടി, വെബ്സൈറ്റ് ഇവയെല്ലാം ഒഴിവാക്കുകയും വേണ്ടാത്ത ചിന്തകൾ ഉളവാക്കുന്ന സ്ഥലങ്ങളിൽ നിന്ന് കഴിയുന്നത്ര ഒഴിഞ്ഞിരിക്കുകയും ചെയ്യുക. നമ്മുടെ ഭാഗത്ത് പ്രായോഗികമായി ചെയ്യാനുള്ളതെല്ലാം നാം ചെയ്യുമ്പോൾ അതിൽ നിന്ന് രക്ഷനേടാനുള്ള നമ്മുടെ താൽപ്പര്യം ദൈവം മനസ്സിലാക്കും. ഓരോ കാര്യത്തിൽ എത്രവട്ടം പരാജയപ്പെട്ടാലും അപ്പോഴെല്ലാം പരാജയം സമ്മതിച്ച് ഏറ്റുപറയുകയും താമസിയാതെ വിജയം ദൈവം തരും എന്ന് ഉറയ്ക്കുകയും ചെയ്യണം. ഹൃദയത്തിന്റെ യഥാർത്ഥ വാഞ്ഛ ദൈവം മാനിക്കും. അല്പം താമസിക്കുന്നെന്നു തോന്നിയാലും ആ വിജയം ലഭിക്കുന്നതുവരെ അടങ്ങിയിരിക്കുകയില്ല എന്നുറച്ച് മുൻപോട്ട് പോവുക. അപ്പോൾ വിജയം സാദ്ധ്യമാകും.

**– ജോൺ കുര്യൻ, കോട്ടയം**

# ജാഗ്രതയോടെ പ്രാർത്ഥിക്കുക

ലോക സംഭവങ്ങളും ഭാരതത്തിലെ പ്രത്യേകമായ രാഷ്ട്രീയ സാഹചര്യങ്ങൾ പ്രത്യേകിച്ചു കേരളത്തിലെയും നോക്കിയാൽ ദൈവജനം എക്കാലത്തേക്കാളും ശ്രദ്ധയോടെ പ്രാർത്ഥിക്കേണ്ട സാഹചര്യമാണുള്ളതെന്നു മനസ്സിലാക്കാം. ഈയടുത്ത സമയത്ത് ഛത്തീസ്ഗഡ് യൂത്ത് ക്യാമ്പ് നടക്കുമ്പോൾ പല പ്രാവശ്യം പോലീസ് അധികാരികൾ അന്വേഷണത്തിനായി വന്നു. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനമായതു കൊണ്ട് ക്രിസ്തീയ പ്രവർത്തനങ്ങളെ എപ്പോഴും നിരീക്ഷിച്ചു കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. വടക്കേ ഇന്ത്യയുടെ പല ഭാഗങ്ങളിലും സുവിശേഷ വിരോധികളുടെ എതിർപ്പ് ശക്തമാണ്. ഗവൺമെന്റിന്റെ ഭാഗത്തു നിന്നും കൂടി എതിർപ്പുണ്ടാവുമ്പോൾ സ്വാഭാവികമായും ദൈവജനത്തിന് വളരെയേറെ ബുദ്ധിമുട്ടുണ്ടാവും. കേരളത്തിലും മതേതര സ്വഭാവമാണുള്ളതെന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ പാർട്ടികൾ പോലും ക്രിസ്തീയ പ്രവർത്തനങ്ങൾക്കെതിരെ തിരിഞ്ഞിരിക്കുകയാണ്. കപട ആത്മീയതക്കെതിരെ എന്നു പറയുന്നുണ്ടെങ്കിലും ക്രിസ്തീയ പ്രവർത്തകരെയും പ്രവർത്തനങ്ങളെയും ആക്ഷേപിക്കയും ആക്രമിക്കുകയും ചെയ്യുന്നു. നിയമം കയ്യിലെടുക്കുവാൻ അവർക്ക് അധികാരമില്ല. ശരിയല്ലാത്ത കാര്യങ്ങളെ നിയമപരമായിട്ടാണ് കൈകാര്യം ചെയ്യേണ്ടത്. ആർക്കും എന്തുമാകാമെന്ന നില അപകടകരമാണ്.

ദൈവജനത്തെ സംബന്ധിച്ചിടത്തോളം ഒരു രാഷ്ട്രീയ പാർട്ടിയെയും ആശ്രയിക്കേണ്ട കാര്യമില്ല. താൽക്കാലിക ലാഭത്തിനു വേണ്ടി അവർ നല്ല വാക്കു പറഞ്ഞാലും സമയം വരുമ്പോൾ തനിനിറം കാണിക്കും. വോട്ടു ചെയ്യുവാനുള്ള സ്വാതന്ത്ര്യവും പദവിയും വിനിയോഗിക്കുന്നതോടൊപ്പം നമുക്കു ചെയ്യാവുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം നമ്മുടെ സ്വർഗ്ഗത്തിലെ പിതാവിനോടു നിലവിളിക്കുക എന്നതാണ്. നമ്മുടെ രാജ്യം ഒരു വഴിത്തിരിവിലാണ്. നാം പ്രാർത്ഥിച്ചാൽ ദൈവം ഇടപെടും. 2. ദിന. 14 : 9 മുതൽ പ്രതിസന്ധി ഘട്ടത്തിൽ ആസാ പ്രാർത്ഥിച്ചതു പോലെ നമുക്കും ചെയ്യേണ്ടിയിരിക്കുന്നു. യഹോവേ ബലവാനും ബലഹീനനും തമ്മിൽ കാര്യമുണ്ടായാൽ നീയല്ലാതെ മറ്റാരുമില്ല.......... യഹോവ നീ ഞങ്ങളുടെ ദൈവം; മർത്യൻ നിന്റെ നേരെ പ്രബലനാകരുതേ..... ആസാ ഇപ്രകാരം പ്രാർത്ഥിച്ചപ്പോൾ ശത്രു തോറ്റു പോയി. സങ്കീ. 9 : 19, 20 വാക്യങ്ങൾ കൂടി നോക്കുമ്പോൾ നമുക്കു വ്യക്തമായ ഉറപ്പോടെ പ്രാർത്ഥിക്കാൻ കഴിയും. അത്യധികം അഹങ്കാരത്തോടെ സംസാരിക്കുന്ന രാഷ്ട്രീയ നേതാക്കളുടെയും ഭരണാധികാരികളുടെയും പേരു പറഞ്ഞ് പ്രാർത്ഥിക്കണം. അവർ കർത്താവിനെ അറിയാൻ ഇടയാകണം. പ്രത്യേകിച്ച് ഗവർമെന്റിൽ സ്ഥാനം വഹിക്കുന്നവർ ജനങ്ങൾക്ക് നന്മ ചെയ്യാനും ജനങ്ങളുടെ സേവകന്മാരായി അവരെ സഹായിക്കാനുമായി നിയമിക്കപ്പെട്ടവരാണ്. ദൈവമാണ് സകലത്തിന്റെയും അധികാരി എന്ന ബോധം അവർക്കുണ്ടാകണം. വ്യക്തികൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം. പക്ഷേ പിശാചിനെതിരെ ഒറ്റക്കെട്ടായി നാം നിലകൊള്ളണം. അടിയന്തിരമായി 'പ്രാർത്ഥനാമൂഡി'ലേക്ക് ദൈവജനം എത്തുന്നില്ലെങ്കിൽ സ്വാതന്ത്ര്യം അപകടത്തിലാകും. ഈ മാസം കേരളത്തിന്റെ പല ഭാഗത്തും ചെയിൻ പ്രയർ നടന്നുവരികയാണ്. സഭകളായും വ്യക്തികളായും ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കരം ചലിക്കും. ഭാരതം മുഴുവൻ കർത്താവിന്റെ വകയാകണം. ഇക്കാര്യത്തിൽ നമുക്ക് അന്യോന്യം ഉത്സാഹിപ്പിക്കാം.

*– എഡിറ്റർ ഇൻചാർജ്ജ്*

## ചിൽഡ്രൻസ് ക്ലബ്ബ്



# ദൈവത്തിന്റെ കണിക

'**ലോ**കത്തിലെ ഏറ്റവും ചെറിയ ഘടകം ഏതാണ്?' പഠിക്കുന്നതിനിടയ്ക്ക് റീന റിജുവിനോട് ചോദിച്ചു. "ആറ്റം" "അല്ല അതിനെക്കാൾ ചെറിയ ഘടകങ്ങളുണ്ട്. റിജുവിന്റെ ഉത്തരത്തെ ശരിവെക്കാതെ റീന പറഞ്ഞു. "അതെന്താ?" സംശയത്തോടെ റിജു ചോദിച്ചു. "ആറ്റത്തിൽ അടങ്ങിയിരിക്കുന്ന ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ" വിജയഭാവത്തിൽ റീന ഉത്തരം പറഞ്ഞപ്പോൾ, ഇതെല്ലാം ശ്രദ്ധിച്ചു കൊണ്ടിരുന്ന ഡാഡി പറഞ്ഞു. "അല്ല അതിനെക്കാൾ ചെറിയ ഘടകമുണ്ട്." ഡാഡിയുടെ വാക്കുകൾ അമ്പരപ്പോടെയാണ് റീനയും റിജുവും കേട്ടത്. "ങേ! അതിനെക്കാൾ ചെറിയ ഘടകമോ?" റീന ഡാഡിയോടു ചോദിച്ചു. "അതേ." "എങ്കിൽ അതിനെക്കുറിച്ച് ഒന്നു പറഞ്ഞു തരാമോ?" രണ്ടുപേരും ഡാഡിയുടെ ചുറ്റും വന്നിരുന്നു. "പറയാം." ഡാഡി തുടർന്നു. "ശാസ്ത്രം ഇത്രത്തോളം പുരോഗതി വരിച്ചു എന്ന് നാം ഊറ്റം കൊള്ളുമ്പോഴും ഈ പ്രപഞ്ചം എങ്ങനെ എന്ന് ഉത്ഭവിച്ചെന്ന് ആർക്കും കൃത്യമായി പറയാൻ കഴിഞ്ഞിട്ടില്ല. പ്രപഞ്ചം ഉത്ഭവിച്ചതു ബഹിരാകാശത്ത് ആദ്യം മുതലേയുള്ള പദാർത്ഥങ്ങൾ ചില പ്രത്യേക ബിന്ദുക്കളിൽ കേന്ദ്രീകരിക്കുകയും ഒരു ദിവസം അതു പൊട്ടിത്തെറിക്കുകയും അതിൽ നിന്ന് പല ഭാഗങ്ങൾ നാലു ദിശയിലേക്കും അതിവേഗത്തിൽ സഞ്ചരിക്കുകയുമായിരുന്നെന്നുള്ള ബിഗ് ബാങ് (Big Bang) തിയറിയാണ് ചില ശാസ്ത്രജ്ഞ



ന്മാരുടെ ചിന്താഗതി. എന്നാൽ അത് തെറ്റാണെന്നും പ്രപഞ്ചം ദൈവം സൃഷ്ടിച്ചതാണെന്നും ഭൂരിഭാഗം ചിന്തകരും പറയുന്നു. അതുകൊണ്ടുതന്നെ അമേരിക്ക അടക്കമുള്ള ചില രാജ്യങ്ങൾ ബിഗ്ബാങ് തിയറിയിലുള്ള പാഠഭാഗങ്ങൾ സ്കൂളുകളിൽ മരവിപ്പിച്ചു നിർത്തിയിരിക്കുകയാണ്. മനുഷ്യ ശരീരത്തിനു ജീവനും ചൈതന്യവും കൊടുക്കുന്നത് ദൈവാംശമായ ആത്മാവാണെന്ന് സത്യം നിലനിൽക്കുമ്പോൾ അതുപോലെ പിണ്ഡമില്ലാത്ത കണികയക്ക്ക് പിണ്ഡം (Mass) കൊടുക്കുന്നത് ഹിഗ്സ് ബോസം (Higgs Bosom) ആണെന്ന വാദഗതിയിലാണ് ശാസ്ത്രം."

"അതാണോ ഏറ്റവും ചെറിയ ഘടകം?" റിജു ആകാംക്ഷയോടെ ചോദിച്ചു. "എന്നു പറയാറായിട്ടില്ല. ഇപ്പോഴത്തെ പഠനമനുസരിച്ച് ചെറുതെന്ന് വിശേഷിപ്പിക്കുന്നത് ഈ ഘടകത്തെയാണ്" "എവിടെ എങ്ങനെയാണ് ഈ ഘടകം നിലകൊള്ളുന്നത്?" റീനയുടെ സംശയം. ഡാഡി തുടർന്നു. "നേരത്തെ ആറ്റം ആണെന്നും പിന്നീട് അതിൽ അടങ്ങിയിരിക്കുന്ന ന്യൂട്രോൺ, ഇലക്ട്രോൺ, പ്രോട്ടോൺ എന്നിവയാണെന്നും ചെറുതെന്ന് വിലയിരുത്തിയിരിക്കുന്നു. ശാസ്ത്രം കൂടുതൽ വളർന്നപ്പോൾ പ്രോട്ടോണുകളും ന്യൂട്രോണുകളും അവയെക്കാൾ ചെറിയ ഘടകങ്ങളായ ക്വാർക്സ് (Quarks) ആന്റിക്വാർക്സ് (Anti-quarks) തുടങ്ങിയ ഹാഡ്രൺസ് (Hardrond) ചേർന്നുണ്ടായിട്ടുള്ളതാണെന്നു മനസിലായി. എന്നാൽ പുതിയതായി കണ്ടെത്തിയിട്ടുള്ള ഈ കണികൾക്കൊന്നും ദ്രവ്യത്തിന്റെ (Matter)ന്റെ ഗുണങ്ങളിലെ അടിസ്ഥാനമായ പിണ്ഡം (Mass) ഇല്ല എന്നതാണു വസ്തുത. അങ്ങനെയെങ്കിൽ ദ്രവ്യത്തിനു പിണ്ഡം നൽകുന്ന അടിസ്ഥാന ഘടകം എന്തായിരിക്കും? ഇതിനുള്ള ഉത്തരമാണ് ശാസ്ത്രജ്ഞന്മാർ വസ്തുക്കളിൽ ഫെർമിയോൺസ്, ബോസോൺ എന്നിവയ്ക്കു പുറമെ ഹിഗ്സ് ബോസോൺ എന്നു പേരിട്ടിരിക്കുന്ന "ദൈവത്തിന്റെ കണിക" ഉണ്ടെന്ന് ചിന്തിക്കുന്നത്." "എന്നിട്ട് അത് കണ്ടെത്തിയോ?" റീനയുടെ ചോദ്യം. "ഇല്ല അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിശക്തമായ സൂക്ഷ്മ ദർശിനികൾ കൊണ്ടു പോലും കാണുവാൻ കഴിയാത്ത ഈ ഘടകം നാനോ സെക്കന്റിൽ വിഭജിക്കപ്പെടുകയും മറ്റ് പലവിധ മാറ്റങ്ങൾ വിധേയമാക്കുകയും ചെയ്യുന്നതു കൊണ്ട് ഇവയെ കണ്ടെത്തുകയെന്നത് ശാസ്ത്രലോകത്തിന് ഒരു വെല്ലുവിളിയാണ്. എങ്കിലും ശാസ്ത്രജ്ഞന്മാർ ശ്രമം തുടർന്നു കൊണ്ടിരിക്കുകയാണ്."

"ഹോ! ദൈവത്തിന്റെ സൃഷ്ടി അപാരം!" റിജു അതിശയത്തോടെ പറഞ്ഞു. "നെരത്തെ പറഞ്ഞതുപോലെ വേദപുസ്തകത്തിലും ഒരു വാക്യം ചെറുതാക്കി അതിൽ "ദൈവത്തിന്റെ കണിക" ചേർത്തു നമുക്ക് തന്നിട്ടുണ്ട്." ഡാഡി പറഞ്ഞു. "അത് ഏതു വാക്യമാ?" റിജു ചോദിച്ചു. "യോഹന്നാന്റെ സുവിശേഷം 3:16." ഡാഡി റീനയോടു പറഞ്ഞു. "ആ ഭാഗം ഒന്നു വായിച്ചേ" റീനയും, റിജുവും ആ ഭാഗം ശ്രദ്ധിച്ചു വായിച്ചു. "തന്റെ ഏകജാതനായ പുത്രനിൽ... ശരിയാണല്ലോ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.... പിതാവാം ദൈവം, പുത്രൻ, മനുഷ്യൻ, സ്നേഹം, നിത്യജീവൻ.........." കുട്ടികൾ പറയുന്നത് കേട്ട് ഡാഡി തുടർന്നു. "കുറച്ച് കൂടി ശ്രദ്ധിക്കുമ്പോൾ കുറെ കാര്യങ്ങൾ കൂടി മനസ്സിലാകും." "അതാണ് ദൈവത്തിന്റെ കണിക." വീണ്ടും....വീണ്ടും ആ ഭാഗം ശ്രദ്ധിച്ചു വായിക്കുന്നതിനിടയ്ക്ക് റിജുവിന്റെ ആത്മഗതം. "ഹോ! ദൈവമേ അവിടുന്ന് എത്ര വലിയവൻ...."

**മനഃപാഠം**

യോഹന്നാൻ 3:16.

*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.*

യോഹന്നാൻ 3:16.

**– ടെൻസൺ ജോസഫ്,**
എറണാകുളം

വാർത്തകൾ അയക്കേണ്ട വിലാസം: Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
**തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്വേലി).**
**എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,**
**കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,**
**ന്യൂസ് എഡിറ്റർ – തോമസ് ജോൺ,**
**ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ**
**പബ്ലിഷർ – ടെൻസൻ ജോസഫ്.**

# കുറ്റപ്പെടുത്തലും തെറ്റുതിരുത്തലും

കുടുംബ വേദി

വർദ്ധിച്ചു വരുന്ന ജോലിതിരക്കും, സമ്മർദ്ദങ്ങളും ഇന്ന് കുടുംബ ജീവിതങ്ങളെ സാരമായി ബാധിക്കുന്നതായി കാണുന്നു. കുടുംബജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും നേരിടുമ്പോൾ അന്യോന്യം കുറ്റപ്പെടുത്തുന്ന പ്രവണതയും വർദ്ധിച്ചു വരുന്നു. ഇത്തരം കുറ്റപ്പെടുത്തലുകൾ പല കുടുംബങ്ങളുടെയും സന്തോഷത്തെ കെടുത്തുന്നു. കുറ്റപ്പെടുത്തലുകൾ പലപ്പോഴും സ്വന്തം കുറവുകളെ അഥവാ വീഴ്ചകളെ മറെക്കുവാനായിട്ടാണ് ഉപയോഗിക്കുന്നത്.

മാത്രമല്ല, 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട്' എന്ന പഴഞ്ചൊല്ലു പോലെ, പരാജയങ്ങളിൽ നിന്ന് ഒളിച്ചോടുവാൻ സ്വീകരിക്കുന്ന ഒരു തന്ത്രമായും ഇത് ഇരിക്കുന്നു. കുറ്റപ്പെടുത്തുന്നത് വ്യക്തിയുടെ നന്മയെ കരുതിയാണ് എന്ന് നാം ചിന്തിക്കും. വിപരീത ഫലമാണ് അതുകൊണ്ട് ലഭിക്കുന്നതെന്ന് നാം പലപ്പോഴും മനസ്സിലാക്കാറില്ല. ഇതിന്റെ അർത്ഥം തെറ്റുകളെ തിരുത്തുന്നത് പാടില്ല എന്നാണോ?

ഗലാത്യർ 6:1 – 'സഹോദരന്മാരെ ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയെങ്കിൽ ആത്മീകരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ. നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ'. ഈ വാക്യത്തിൽ കാണുന്നപോലെ സൗമ്യതയോടെ ആത്മാവിൽ വിനയത്തോടെയും, സ്നേഹത്തോടെയും ചെയ്യേണ്ട ഒരു കാര്യമാണ്. കുറ്റപ്പെടുത്തുമ്പോൾ നാം ആ വ്യക്തി ചെയ്ത പ്രവർത്തിയെക്കാൾ ഉപരിയായി ആ വ്യക്തിയെ ആക്രമിക്കുന്ന നിലയിലേക്ക് എത്തിച്ചേരുന്നു. 'നിങ്ങൾ ഒരിക്കലും', 'നീ എപ്പോഴും' തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുകയും, അത് വ്യക്തികളെ മുറിപ്പെടുത്തുകയും ചെയ്യുന്നു. ഇത് ആ വ്യക്തിയെ സ്വയം പ്രതിരോധിക്കുവാനും, തിരിച്ച് ആക്രമിക്കുവാനും പ്രചോദിപ്പിക്കും. ഇവിടെ തിരുത്തലുകൾ സംഭവിക്കുകയില്ല, ചിലപ്പോഴെങ്കിലും പ്രതിരോധിക്കുന്നതിന് പകരമായി മറ്റുള്ളവരിലേക്ക് കുറ്റം ആരോപിക്കുന്നതായും, സ്വയം ന്യായീകരിക്കുന്നതായും കാണാം. (ഉദാ. ആദാം, ഹവ്വ).

കൂടാതെ, കുറ്റപ്പെടുത്തലുകൾ മാത്രം ലഭിക്കുന്ന ഒരു വ്യക്തിയിൽ ആത്മവിശ്വാസം തീരെ കുറവായിരിക്കും. കുറ്റപ്പെടുത്തുമ്പോൾ, തന്റെ സ്വന്തം കുറ്റങ്ങളെയും, കുറവുകളെപ്പറ്റിയും വിലയിരുത്താറില്ല. കർത്താവ് പറഞ്ഞപോലെ 'സ്വന്തം കണ്ണിൽ കോൽ ഇരിക്കെ അന്യന്റെ കണ്ണിലെ കരട് എടുക്കുവാൻ' ശ്രമിക്കുന്നതുപോലെയാണിത്. സങ്കീർത്തനം 19:12–'തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവനാർ മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിപ്പിക്കേണമേ' എന്ന് ദാവീദ് പ്രാർത്ഥിക്കുന്നതു പോലെ സ്വന്തം തെറ്റുകളെ വിലയിരുത്തുവാൻ നമുക്ക് സാധിക്കണം.

കുടുംബ ജീവിതത്തിൽ എങ്ങനെ കുറ്റപ്പെടുത്തലുകൾ കൂടാതെ തെറ്റുകൾ തിരുത്തുവാൻ സാധിക്കുന്നത്? ദൈവവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നത്

– സ്നേഹത്തിലായിരിക്കണം., സത്യം സംസാരിക്കുന്നത് (എഫെ. 4:15)

– തനിക്കും ഇതേ തെറ്റുകൾ / കുറവുകൾ ഉണ്ടാകാം. അതുകൊണ്ട് വളരെ വിനയത്തോടെയും, താഴ്മയോടെയും ആയിരിക്കണം സംസാരിക്കേണ്ടത്.

– പ്രോത്സാഹിപ്പിക്കുന്ന വ്യക്തിയിൽ നിന്നും തിരുത്തലുകൾ സ്വീകരിക്കുവാൻ ബുദ്ധിമുട്ടു കുറവാണ്.

– ഇങ്ങനെ വരുമ്പോൾ സ്വയം വിലയിരുത്തുവാനും, മാറ്റങ്ങൾ വരുത്തുവാനും വ്യക്തികൾ തയ്യാറാകുകയും ചെയ്യും.

ഭാര്യാ ഭർത്തൃബന്ധത്തിൽ മാത്രമല്ല, കുട്ടികളോടും മറ്റുള്ള നമ്മുടെ ഇടപെടലുകളിലും ഈ തത്വങ്ങൾ അനുവർത്തിക്കുന്നത് ഉചിതമാണ്. കുറ്റപ്പെടുത്തലുകൾ മാത്രം കേട്ട് വളരുന്ന ഒരു കുട്ടിക്ക് മാനസ്സിക ആരോഗ്യം കുറവായിരിക്കുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന് അംഗീകാരവും, പ്രോത്സാഹനവും അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് കുടുംബബന്ധങ്ങളിൽ, അന്യോന്യം കുറ്റപ്പെടുത്തുന്ന പ്രവണത നമുക്ക് ഉപേക്ഷിക്കാം. തെറ്റുകൾ തിരുത്തുമ്പോൾ സ്വയം വിലയിരുത്തുവാനും സ്നേഹത്തിൽ തുറന്ന മനസ്സോടെ അത് ചെയ്യുവാനും ശ്രമിക്കാം. To err is Human, but to forgive is divine. എന്ന ആപ്തവാക്യത്തിൽ കാണുന്ന പോലെ ക്ഷമിച്ചും, സഹിച്ചും, പൊറുത്തും, കുടുംബജീവിതം കൂടുതൽ ഊഷ്മളമാക്കുവാനും നമുക്ക് പരിശ്രമിക്കാം. ദൈവം അതിനായി നമ്മെ സഹായിക്കട്ടെ.

*Stanly & Fany*

## നോർത്ത് ലക്കിംപൂർ(ആസ്സാം)

ആദിവാസി മേഘലയിലുള്ള പ്രവർത്തനഫലമായി മുപ്പത്തി അഞ്ചോളം വിശ്വാസികൾ ആരാധനക്കായി കൂടി വരുന്നു. സഭാരൂപീകരണം ലക്ഷ്യമാക്കി ഈ ജില്ലയിലെ പല ഗ്രാമങ്ങളിൽ പ്രവർത്തനങ്ങൾ നടക്കുന്നു. ഹരിദോം എന്ന ഗ്രാമത്തിലെ പ്രവർത്തനഫലമായി മുണ്ട വിഭാഗത്തിൽപ്പെട്ട വിജയ് ഹെറേ എന്ന യുവസഹോദരൻ രക്ഷിക്കപ്പെട്ട് സ്നാനപ്പെടുകയും സഭയിൽ നല്ല സാക്ഷ്യം പുലർത്തി വരുകയും ചെയ്യുന്നു. പഠനത്തിന് ശേഷം ഈ സഹോദരൻ കഴിഞ്ഞ 8 മാസക്കാലമായി സുവിശേഷ വേല ചെയ്തുവരുന്നു. അവിശ്വാസികളായ മാതാപിതാക്കളും, സഹോദരങ്ങളും ഈ സഹോദരനോട് യാതൊരു സഹകരണവും കാണിക്കുന്നവരല്ല. തന്റെ കുടുംബത്തെയും, ഗ്രാമത്തെയും എല്ലാം ഉപേക്ഷിച്ച് കർത്താവിനായി ഇറങ്ങി തിരിച്ച ഈ യുവസഹോദരനെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക. – ജോബി ജോൺ. സഹോദരന്റെ വിലാസം, Bijay Here, C/o. Joby John, Chandmari (Village), Ward No. 14, Khelmatti P.O., North Lakhimpur Dist. Assam - 787 031.

## മേഘാലയ

1986–ൽ ഒറീസ്സായിലെ ഉക്രിയിലും 2005 മുതൽ മേഘാലയിലെ ഷില്ലോംഗിലും കുടുംബമായി താമസിച്ച് പ്രവർത്തനത്തിലായിരിപ്പാൻ കർത്താവു സഹായിച്ചു. 2008 ജൂൺ 6ന് മേഘാലയിലെ "നോങ്ങ്പോ" എന്ന സ്ഥലത്ത് കുടുംബമായി താമസിച്ച് പ്രവർത്തനത്തിലായിരിക്കുന്നു. ഈ പുതിയ സ്ഥലത്തെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിലോർക്കണമേ. ഷില്ലോംഗിൽ തോംസൺ ചാക്കോ കുടുംബമായി പ്രവർത്തനത്തിലായിരിക്കുന്നു. ഇപ്പോഴത്തെ അഡ്രസ്സ് – P.T. Chacko Evangilist, Pahamlapong, P.O. Nongpoh, Ri Bhoi Dist. Meghalaya - 793102, Mob : 09862006552.

## സ്നാനശുശ്രൂഷ

ഈരാറ്റുപേട്ടയിൽ 25.05.08ൽ അഞ്ചുപേർ കർത്താവിനെ പരസ്യമായി ജലത്തിൽ സാക്ഷീകരിച്ചു. ഈരാറ്റുപേട്ട സ്ഥലം സഭാ സുവിശേഷകൻ ജോണി മൈക്കിൾ സ്നാനശുശ്രൂഷ നിർവ്വഹിച്ചു. സുവിശേഷകൻ ബിനോയ് മാണി മൂവാറ്റുപുഴ മുഖ്യസന്ദേശം നൽകി. പ്രതികൂലങ്ങളെ അതിജീവിച്ച് സ്ഥലം സഭയുടെ അതിരുകൾ വിശാലമാകുവാൻ ദൈവജനം തുടർന്നും പ്രാർത്ഥിക്കുക. സുവി. ജോണി മൈക്കിൾ, സഹോ. ജോസഫ് ജോസഫ്

## സാമക്കാലി (ഗുജറാത്ത്)

ഇവിടെ പ്രവർത്തനം ആരംഭിച്ചിട്ട് ഈ മാസം 3 വർഷം തികയുന്നു. 8.6.08 ഞായർ രാവിലെ നടന്ന സ്നാനശുശ്രൂഷയിൽ 4 പേർ സ്നാനപ്പെട്ടു. കർത്തൃമേശയിൽ പങ്കെടുക്കുവാൻ 11 പേർ ഉണ്ട്. തുടർച്ചയായി 20ൽ അധികംപേർ കടന്നു വരുന്നു. നമ്മുടെ പ്രവർത്ത നം മാത്രമെ ഇവിടെയുള്ളു. അ ദോയ് ഗ്രാമത്തിൽ ഞായറാഴ്ച വൈകിട്ട് ഗുജറാത്തികളുടെ കൂടിവരവിൽ ബൈബിൾ ക്ലാസ്സ് നടക്കുന്നു. ഇവിടെ കൂടിവരവ് ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കണമേ. വിലാസം – V.P. Mathew (Evg.), P.O. Box. 4, Samakhyali - 370150. Kutch, Gujarat.

## സഭാഹാൾ സ്തോത്ര ശുശ്രൂഷ



2008 ആഗസ്റ്റ് 9–ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ഇടശ്ശേരിമല സഭയുടെ പുതിയ സഭാ മന്ദിരത്തിന്റെ സ്തോത്രശുശ്രൂഷ നടക്കുന്നു. ഈ സഭയേയും പ്രവർത്തനത്തെയും പ്രാർത്ഥനയിൽ ഓർക്കണമേ. സഭക്കു വേണ്ടി, ചാക്കോ ജോർജ്ജ്

# കേരളത്തിന്റെ...

1–ാം പേജിൽ നിന്ന് തുടർച്ച

മാണ് ഇവർ അനുവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ കടൽക്ഷോഭം, ട്രോളിംഗ് നിരോധനം എന്നീ സന്ദർഭങ്ങളിൽ "മുഴുപട്ടിണി" ഇവരുടെ കൂടെയുണ്ട്.

എന്തുകൊണ്ടോ നമ്മുടെ സുവിശേഷ പ്രവർത്തനങ്ങളും, പ്രവർത്തകരും ഈ മേഖലയിൽ ശരിയായി കാലെടുത്തു വെച്ചിട്ടില്ല. ഇത് മനസിലാക്കണമെങ്കിൽ കേരളത്തിലെ തീരപ്രദേശത്തെ



നമ്മുടെ സഭകളെ എണ്ണിയാൽ മതി. തിരുവനന്തപുരത്ത് വിഴിഞ്ഞം, കോവളം, ചെറിയതുറ, വേളി വരെയുള്ള ഭാഗങ്ങളിൽ സഭയും പ്രവർത്തനവും ഉണ്ട്. അതിനു ശേഷം ഏകദേശം മുപ്പതിലധികം കിലോമീറ്റർ കഴിഞ്ഞ് അഞ്ചുതെങ്ങിലാണ് ഒരു കൂടിവരവും പ്രവർത്തനവും ഉള്ളത്. അവിടുന്ന് വടക്കോട്ട് ആലപ്പുഴയിലെ പുന്നപ്ര വരെയുള്ള ഏകദേശം 150ഓളം കിലോമീറ്ററിൽ ഒരു സഭ പോലുമില്ല. പുന്നപ്ര കഴിഞ്ഞാൽ ചെത്തിയിലാണ് അടുത്ത കൂടിവരവ്. പിന്നെ എറണാകുളം ജില്ലയിലെ ചെല്ലാനം. അതു കഴിഞ്ഞാൽ വൈപ്പിനിലെ രണ്ട് സഭകൾ. മുനമ്പം, പിന്നെ അടുത്ത സഭ കാണണമെങ്കിൽ തലശ്ശേരിയിൽ ചെല്ലണം. അതുകഴിഞ്ഞാൽ കാഞ്ഞങ്ങാട്, തീർന്നു കേരളത്തിലെ നമ്മുടെ തീരദേശ സഭകൾ. എന്നാൽ സഭകൾ ഇല്ലാത്ത ചില സ്ഥലങ്ങളിൽ നമ്മുടെ സുവിശേഷകരും ചില വിശ്വാസികളും പ്രവർത്തിക്കുന്നുണ്ട്. എങ്കിലും സഭാ കൂടിവരവുകൾ ആരംഭിക്കുവാൻ നമുക്കാവുന്നില്ല. എന്നാൽ ഈ മേഖലയിൽ 'കരസ്മാറ്റിക്' സഭകൾക്ക് വൻ വളർച്ചയാണ് ഉള്ളതെന്നത് മറ്റൊരു കാര്യം.

എന്താണ് നമ്മുടെ പ്രവർത്തകരും പ്രവർത്തനങ്ങളും ഈ മേഖലയിൽ ചെന്നെത്താതതിന്റെ കാരണം? ഏറ്റവും പ്രധാന കാരണം നാമധേയ ക്രിസ്തീയ വിഭാഗത്തിൽ നിന്നുള്ള എതിർപ്പാണ്. എന്നാൽ മറ്റൊരു രസകരമായ കാര്യം മേൽപറഞ്ഞ തീരദേശ സഭകളിലെ സുവിശേഷകരിൽ ഭൂരിഭാഗവും തദ്ദേശിയരാണെന്നതാണ്. അതുകൊണ്ടു തന്നെ എതിർപ്പുകൾ കുറവാണെങ്കിലും സുവിശേഷ തിരസ്ക്കരണം ശക്തമാണ്. ഇതിന് ഏക പോംവഴി മറ്റ് മേഖലയിൽ നടക്കുന്നതുപോലുള്ള കൂട്ടായ പ്രവർത്തനങ്ങൾ ശക്തമാക്കുകയെന്നതാണ്. തദ്ദേശിയരായ സുവിശേഷകർക്ക് ശക്തമായ പിന്തുണ നൽകുവാൻ നമ്മുടെ സുവിശേഷ സംഘടനകൾക്കാവണം. സാമൂഹി പ്രവർത്തനങ്ങൾക്കായി നമ്മുടെ മനസുതുറക്കണം. കടൽക്ഷോഭവും, ട്രോളിംങ്ങ് നിരോധനവും പോലുള്ള ഘട്ടങ്ങളിൽ ഒരു സഹായത്തിന്റെ കരവുമായി നമുക്ക് ഇവിടെ ചെന്നത്താനാവണം. എങ്കിൽ മാത്രമെ നമുക്ക് ഇവിടെ സുവിശേഷത്തിനായി വാതിൽ തുറന്നു കിട്ടുകയുള്ളൂ.

കർത്താവിന്റെ ശിഷ്യൻ അപ്പോസ്തലനായ തോമസ് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് കേരളത്തിന്റെ തീരത്ത് കാലുകുത്തി. തന്നിൽ നിന്ന് പകർന്ന സുവിശേഷത്തിന്റെ ആർജ്ജവം ഇന്നും അതേ അളവിൽ നമുക്ക് മറ്റുള്ളവരിലേക്ക് പകരുവാൻ കഴിയുന്നില്ലായെങ്കിൽ കേരളത്തിന്റെ തീരപ്രദേശം മാത്രമല്ല നമ്മുടെ രാജ്യം തന്നെ ആത്മീയ മരുഭൂമിയായി തീരും എന്നതിന് രണ്ടു പക്ഷമില്ല! അതുകൊണ്ട് നമുക്ക് ഉണരാം! തീരങ്ങളെ സത്യ സുവിശേഷത്തിൽ നേടാം!

*– റിന്യൂവൽ റിപ്പോർട്ടർ*

# ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രിയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു

ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രിയുടെ 14–ാംമത് വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. കഴിഞ്ഞ വർഷത്തിൽ സാമ്പത്തിക പരിമിതിമൂലം ആവശ്യമനുസരിച്ച് ചെറുപുസ്തകങ്ങളും ലഘുലേഖകളും അച്ചടിച്ച് എത്തിച്ചു കൊടുക്കാൻ കഴിഞ്ഞില്ല. നേപ്പാളി, ബംഗാളി, മണിപ്പൂരി, പഞ്ചാബി തുടങ്ങിയ ഭാഷകളിലുള്ള സുവിശേഷ സാഹിത്യത്തിന് ആവശ്യക്കാർ ഏറെയുണ്ട്. പണമില്ലാത്തതുകൊണ്ട് ഈ ആവശ്യം നിറവേറ്റപ്പെടാതെ പോകുന്നു. ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രീസിന് ലഭിക്കുന്ന ഓരോ രൂപയും ഭാരതത്തിലും നേപ്പാളിലും അനേകരുടെ കൈകളിൽ രക്ഷയുടെ സന്ദേശം എത്തിക്കുന്നതിന് വിനിയോഗിക്കപ്പെടുന്നു. സൗജന്യമായി, തപാൽ ചെലവും നൽകി ആവശ്യക്കാർക്ക് സുവിശേഷ സാഹിത്യം എത്തിച്ചു കൊടുക്കുന്ന രീതിയാണ് ഇ.എൽ.എം. പിന്തുടരുന്നത്. ദൈവജനം ഈ സൗകര്യം പ്രയോജനപ്പെടുത്തണം.

സാമ്പത്തീക സഹായങ്ങൾ Evangelical Literature Ministries എന്ന പേരിൽ സെക്രട്ടറിയുടെ വിലാസത്തിൽ അയക്കുക. വിദേശത്തു നിന്നും അയക്കുന്നവർ IET, GGF, KEM, GFTI എന്നീ ഫണ്ടുകൾ വഴി അയയ്ക്കുകയും ചെയ്യുക.

സെക്രട്ടറിയുടെ വിലാസം –

Babukutty Thomas,
Secretary (Elm),
Boat Jetty Road, Vaduthala,
Ernakulam - 682 023.

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

### WANTED BRIDE GROOM

**RM No : 802 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5' ഉയരം. M.Sc. Software Engg. HCL ചെന്നൈയിൽ ജോലി.

**RM No : 803 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'3" ഉയരം. ANM ആശുപത്രിയിൽ ജോലി.

**RM No : 804 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'3" ഉയരം. B.Sc. Nurse, IELTSനു പഠിക്കുന്നു.

**RM No : 805 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'1" ഉയരം. നേഴ്സറി ടീച്ചർ, ജോലിയുണ്ട്.

### WANTED BRIDE

**RM No : 806 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'9" ഉയരം. L & T കമ്പനിയിൽ അക്കൗണ്ടന്റായി ജോലി.

**RM No : 807 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'8" ഉയരം. PDC, ITI, ബിസിനസ്സ്.

**RM No : 808 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 24 വയസ്സ് 6'10" ഉയരം. Electrical & Electronics ഗൾഫിൽ ജോലി.

**RM No : 809 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 31 വയസ്സ് 5'9" ഉയരം. ITI Fitter, ഗൾഫിൽ ജോലി. ഒക്ടോബർ ആദ്യം നാട്ടിൽ വരുന്നു.

**RM No : 810 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 6' ഉയരം. MCA ബാങ്ക് ഓഫീസർ. ബൽഗാമിൽ ജോലി.

**RM No : 811 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'8" ഉയരം. വടക്കെ ഇന്ത്യയിൽ സുവിശേഷ വേല ചെയ്യുന്നു.

**RM No : 812 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29വയസ്സ് 5'9"ഉയരം. BA, Dip.in Computer Application. ഡൽഹിയിൽ ജോലി.

**RM No : 813 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'8" ഉയരം. B.Com. സ്വന്തം സ്ഥാപനം നടത്തുന്നു.

**RM No : 814 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 31 വയസ്സ് 5'4" ഉയരം. B.A., LL.B. വടക്കെ ഇന്ത്യയിൽ ഒരു അംഗീകൃത സ്ഥാപനത്തിൽ ജോലി.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ 0484 2432896 എന്ന നമ്പറിൽ ബന്ധപ്പെടുക.

### പുതിയ സഭാ കൂടിവരവ്

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ ഹരിപ്പാട്, പായിപ്പാട് എന്നീ സ്ഥലത്ത് കുടുംബമായി സഹോദരൻ വർഗ്ഗീസ് മത്തായി പ്രവർത്തിച്ചതിന്റെ ഫലമായി ചില കുടുംബങ്ങൾ രക്ഷിക്കപ്പെടുകയും, രക്ഷിക്കപ്പെട്ടവരെ 8-6-2008ൽ മേൽപ്പാടം ബ്രദ്റൺ അസംബ്ലിയുടെ സഹകരണത്തിലും ചുമതലയിലും സ്നാനപ്പെടുത്തുകയും 15-06-2008ൽ വാടക ഭവനത്തിൽ പുതിയ കൂടിവരവ് ആരംഭിക്കുകയും ചെയ്തു. പലപ്പോഴും ഭീഷണിപ്പെടത്തലുകളും മർദ്ദനവും ഏൽക്കേണ്ടതായി വന്നിട്ടുണ്ട്. കർത്താവ് തുണ നിന്നു പ്രവർത്തനം വിജയമാക്കി. വിലാസം – Ebenezer Brethren Assembly, Evg. Varghese Mathew, Kottapurathu House, Payipad, Haripad, Alappuzha - 690556. Ph : 9495440209.

### കമന്റേഷൻ

ഈ സ്ഥലം സഭയിലെ സഹോദരൻ കെ.ഡി. ജോൺസൻ തന്റെ ജോലി രാജിവെച്ച്, കഴിഞ്ഞ ഒരു വർഷത്തിലധികമായി സുവിശേഷ വേല ചെയ്തു കൊണ്ടിരിക്കയാണ്. സഹോദരനുള്ള ദൈവവിളി സഭക്ക് ബോധ്യമായതിനാൽ മുഴുസമയ വേലക്കാരനായി അംഗീകരിച്ചിരിക്കുന്നു. വിലാസം – Mr. K.D. Johnson, Kavalakkadan House, Aramkallu, Pattikkad P.O., Thrissur, Kerala - 680 652. Mobile : 9388404281. സഭക്കു വേണ്ടി, എം.എ. ജോയി, എം.എ. ജോസ്, ബെന്നി മാത്യു

### സ്തോത്രത്തിനായി

കളമശ്ശേരി സഭയിലെ സഹോ. ചെറിയാൻ ചാണ്ടി ബൈക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ തലയ്ക്ക് പരിക്ക്പറ്റി ഓപ്പറേഷനു വിധേയനായി. എങ്കിലും ദൈവജനത്തിന്റെ പ്രാർത്ഥനയാൽ ആശുപത്രിയിൽ നിന്നും മടങ്ങി ഭവനത്തിൽ വിശ്രമിക്കുന്നു. പൂർണ്ണ സൗഖ്യം പ്രാപിച്ച് തന്റെ ജോലിയിൽ പ്രവേശിപ്പാൻ (Kerala Water Authority) ദൈവമക്കൾ തുടർന്നും പ്രാർത്ഥിക്കണമേ. – ജോയി സാമുവേൽ.

### വൈ.എം.ഇ.എഫ്.

വൈ.എം.ഇ.എഫ്. മലപ്പുറം യൂണിറ്റിന്റെ ചുമതലയിൽ പോത്തുകല്ലിൽ ആരംഭിച്ചിരിക്കുന്ന പ്രവർത്തനം തുടർന്നുവരുന്നു. ഏകദിന പ്രവർത്തനത്തിന്റെ ഭാഗമായി മെയ് 28ന് ചോക്കാട് സഭാപരിധിയിൽ ഭവനസന്ദർശനങ്ങളും പൂക്കോട്ടും പാടത്ത് പരസ്യയോഗവും നടത്തപ്പെട്ടു. അടുത്ത ഏകദിന പ്രവർത്തനം ദൈവഹിതമായാൽ ജൂൺ 20ന് വെള്ളിയാഴ്ച 9.30 മുതൽ 5 വരെ കൈപ്പിനിയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വൈ. എം.ഇ.എഫ്. മലപ്പുറം യൂണിറ്റിനു വേണ്ടി, പി.എ. സേവ്യർ

### രത്നഗിരി

കൊങ്കൺ ഔട്ട്റീച്ച് 2 മാസത്തിലൊരിക്കൽ നടന്നുവരാറുള്ള പ്രവർത്തനങ്ങൾ മെയ് 19 മുതൽ 31വരെ 2 ആഴ്ചക്കാലം നടന്നു ബോംബെയിൽ നിന്നും കർത്തൃദാസന്മാരായ ഇടിക്കുള എബ്രഹാം, തോമസ് ദാനിയേൽ, ബോവസ് ഫിലിപ്പ്, സൂരജ് ഇനാംദാർ, സംഗേശ്വറിൽ നിന്നും സാം ജോൺ സോളമൻ, സുനിൽ ബോറെ, എബ്രഹാം, കോട്ടയത്തു നിന്നും സണ്ണി ജോസഫ് എന്നിവരും പങ്കെടുത്തു. 600-ൽ അധികം മറാഠി പുതിയ നിയമങ്ങളും അനേകം സുവിശേഷ പ്രതികളും വിതരണം ചെയ്യുന്നതിന് ദൈവം സഹായിച്ചു. വിൽസൺ ജോർജ്ജ്, ഷിബു സെബാസ്റ്റ്യൻ.

## നമുക്കു ചുറ്റും

### അന്ത്യനാഴിക സി.ഡി.

ലോകാന്ത്യത്തെപ്പറ്റിയുള്ള ബൈബിൾ പ്രവചന ചർച്ചയുടെ ചോദ്യോത്തര രൂപത്തിലുള്ള ഓഡിയോ എം.പി. 3, സി.ഡി. മലയാളത്തിൽ പുറത്തിറങ്ങി. ഇതിലെ പ്രധാന വിഷയങ്ങൾ ബൈബിളിന്റെ ആധികാരികത. പ്രവചന പ്രത്യേകത. ഇസ്രായേൽ, മാരകരോഗങ്ങൾ, ലോകരാഷ്ട്രങ്ങളുടെ കൊടി. ലോകരാഷ്ട്രങ്ങളും ഇസ്രായേലും തുടങ്ങിയവയാണ്. 13 മണിക്കൂർ ദൈർഘ്യമുള്ള ആഴമേറിയ പഠനം. ലിവിംഗ് വാട്ടേഴ്സിന്റെ ഫീബാ റേഡിയോ പ്രക്ഷേപണത്തിൽ ആയിരങ്ങൾക്ക് അനുഗ്രഹമായത് (SW 25 മീറ്റർ ബുധൻ വൈകിട്ട് 7.45ന്). വില 50 രൂപാ. പോസ്റ്റലിൽ 70 രൂപാ. വിലാസം പീസ് മിനിസ്ട്രി, പുതുപ്പള്ളി, കോട്ടയം – 686011, കേരളം.

### കമന്റേഷൻ

മാവേലിക്കരയ്ക്ക് അടുത്തുള്ള വരേണിക്കൽ എന്ന സ്ഥലത്ത് ജനിച്ചു വളർന്ന സഹോ. എൻ.പി. ഗംഗാധരൻ ഈ സഭയുടെ പ്രവർത്തന സ്ഥലമായിരുന്ന കുന്നം എന്ന സ്ഥലത്തു വെച്ച് 18.2.2008-ൽ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കാനിടയായി. 2.3.2000-ൽ കുടുംബമായി സ്നാനപ്പെട്ട് മാവേലിക്കര ബ്രദ്റൺ സഭയിലെ ദൈവമക്കളോട് ചേർന്ന് കർത്താവിനെ ആരാധിച്ചു പോന്നു. 2002-ൽ ജനുവരിയിൽ താൻ വേലയ്ക്കായി വേർതിരിയുകയും തന്റെ ജന്മനാട്ടിലേയ്ക്ക് മടങ്ങിച്ചെന്ന് സഭയുടെ സഹകരണത്തോടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കുമ്പനാട് ബഥനി ബൈബിൾ സ്ക്കൂളിൽ 2003-04 ദൈവവചനം പഠിക്കുന്നതിനും അതെ തുടർന്ന് പ്രവർത്തനം വരേണിക്കലിൽ തുടരുന്നതിനും ഇടയായി. അങ്ങനെ 2.9.2007-ൽ വരേണിക്കലിൽ ഒരു പുതിയ സഭാ കൂടിവരവ് ആരംഭിക്കുന്നതിനും ദൈവം തന്നെ ഉപയോഗിച്ചു. സുവിശേഷ വേലയ്ക്കുള്ള തന്റെ വിളി സഭയ്ക്ക് ബോധ്യമായിരിക്കയാൽ താൻ കർത്താവിന്റെ വേലയിൽ ആയിരിക്കുന്ന വിവരം ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി സഭയായി അറിയിക്കുന്നു. വിലാസം – N.P.Gangadharan, Plavilayil, Varenickal P.O., Mavelikara, Alappuzha Dist., Kerala - 690107. സഭയ്ക്കു വേണ്ടി പി.ഡി. പാപ്പി, നൈനാൻ കെ. ഈശോ.

### സഭാഹാൾ നിർമ്മാണം

കോഴിക്കോട് ജില്ലയിലുള്ള ഒരു കുടിയേറ്റ മേഖലയാണ് കോടഞ്ചേരി. ഇവിടെ സുവിശേഷകൻ കെ.എസ്. മാത്യു പ്രവർത്തിച്ചതിന്റെ ഫലമായി 2002 ജൂലൈ 14-ാം തിയ്യതി ഒരു സഭാ കൂടിവരവ് ആരംഭിക്കുവാൻ ദൈവം സഹായിച്ചു. ഇവിടുത്തെ പ്രവർത്തനങ്ങളെ കർത്താവ് അനുഗ്രഹിച്ചു. ഇപ്പോൾ 8 കുടുംബങ്ങളിൽ നിന്നായി 33 പേർ കർത്താവിനെ ആരാധിക്കുവാനായി കൂടി വരുന്നു. നാളിതുവരെ സുവിശേഷകന്റെ ഭവനത്തിലും വാടകകെട്ടിടത്തിലുമായി കർത്താവിനെ ആരാധിച്ചും മറ്റു കൂടി വരവുകൾ നടത്തിയും വരുന്നു. എന്നാൽ സഭയ്ക്ക് സ്വന്തമായി ഒരു സ്ഥലവും സഭാഹാളും ഉണ്ടാകേണ്ടത് അത്യാവശ്യമായതിനാൽ ഈ വിഷയത്തെ ഓർത്ത് പ്രാർത്ഥിച്ചു കൊണ്ടിരുന്നു. സഭയായി ഈയാവശ്യത്തിലേക്ക് 50,000 രൂപ സമാഹരിക്കുവാൻ കർത്താവ് സഹായിച്ചു. സ്ഥലത്തിനും 40:20 അളവിൽ സഭാഹാൾ നിർമ്മിക്കുവാനും ഏകദേശം 10 ലക്ഷം രൂപ വേണ്ടിവരും. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ആവശ്യമായിരിക്കുന്നു. ഈയാവശ്യത്തിലേക്ക് SBI കോടഞ്ചേരി ശാഖയിൽ Joint A/C No. 30369204661 ആരംഭിച്ചിരിക്കുന്നു. വിലാസം – K.K. Paulose, Kattakudiyil House, Murampathy P.O., Kodanchery, Kozhikode - 673 580. Ph : 0495 2237940.

## ഛത്തീസ്ഗഡ് യുവജന ക്യാമ്പ്



രാജനന്ദ്ഗാവിൽ നടന്ന ഛത്തീസ്ഗഡ് യുവജന ക്യാമ്പിന്റെ ദൃശ്യം. ജെയിംസ് സാമുവേൽ (ഇൻഡോർ), കെ. തോമസ് മാത്യു (തിരുവല്ല), ഷാലു റ്റി. നൈനാൻ (ഭിലായ്) സാംസൺ നൈനാൻ തുടങ്ങിയവർ ശുശ്രൂഷകൾ നിർവഹിച്ചു.

## പ്രയർ കലണ്ടർ
### ആഗസ്റ്റ് 2008

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.

| | | | | | |
|---|---|---|---|---|---|
| **ഞായർ** സ്ഥലം സഭയ്ക്കു വേണ്ടി | **31** കർത്തൃമേശയും ആരാധനയും അർത്ഥപൂർണ്ണമായി തീരേണ്ടതിന്. കൂടുതൽ പേർ സ്തോത്രം ചെയ്യുന്നതിന്, ദൈവത്തിന് ഹിതമല്ലാത്തതെന്തങ്കിലും ഉണ്ടോ എന്ന് എല്ലാ വിശ്വാസികളും സ്വയം ശോധന ചെയ്യേണ്ടതിന്, സഭയിൽ വിവിധ ശുശ്രൂഷകൾ ചെയ്യുന്നവരെ ഓർത്ത്. നിങ്ങളുടെ പങ്ക് നിർവഹിക്കുക. | **3** സഭയിലെ ഓരോരുത്തരുടേയും വ്യക്തിപരമായ ഉണർവ്വിനായി. ദൈവവചനം വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുവാൻ. എല്ലാ ദിവസവും അതു ചെയ്യുന്നുണ്ടോ എന്ന് അന്യോന്യം ചോദിക്കുക. പരമാവധി വാക്യങ്ങൾ കാണാതെ പഠിക്കാൻ, കർത്താവ് നിങ്ങളോട് പറയുന്നത് അനുസരിക്കുവാൻ. | **10** ഭിന്നതകൾ വരാതിരിക്കുവാൻ. ഉണ്ടെങ്കിൽ പരിഹരിക്കപ്പെടുവാൻ. (കർത്താവിന്റെ നാമത്തിൽ നഷ്ടം സഹിക്കുന്നത് നല്ലത്). സഭയിലെ വശ്വാസികളെ വീടുകളിൽ ചെന്ന് കാണുക. അവർക്കു വേണ്ടി പ്രാർത്ഥിക്കുക. പ്രാർത്ഥനാ യോഗങ്ങൾ സജീവമകാൻ. പ്രത്യേക പ്രാർത്ഥനകൾ നടക്കാൻ. | **17** സഭാ വിശ്വാസികളുടെ ആവശ്യങ്ങൾ ചോദിച്ചറിഞ്ഞ് പ്രാർത്ഥിക്കുക. (നമ്മുടെ പങ്ക് നിർവഹിക്കുക). വിവാഹപ്രായമായവർക്കായി. വിദ്യാഭ്യാസ തീരുമാനങ്ങൾ എടുക്കേണ്ടവർക്കായി. അവർ ദൈവഹിതം തിരിച്ചറിയുവാൻ. ഓരോരുത്തരുടെയും പേരു പറഞ്ഞ്. | **24** സഭയിലെ മൂപ്പന്മാർ, സുവിശേഷകർ, ശുശ്രൂഷകന്മാർ. ഓരോരുത്തർക്കുവേണ്ടിയും. സഭയിൽ നിന്നും പുതുതായി കർത്താവിന്റെ വേലക്കായി ആളുകൾ എഴുന്നേൽക്കാൻ, നിങ്ങളുടെ ഭവനത്തിൽ നിന്നും ആളുകൾ പോകുവാൻ. സഭയിൽ നിന്നും പോയിട്ടുള്ള സുവിശേഷകർക്കു വേണ്ടി. |
| **തിങ്കൾ** അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം**<br>5 മിനിററ് സ്തുതി:<br>5 മിനിററ് നന്ദി (സ്ത്രോതം):<br>5 മിനിററ് ഏററുപറച്ചിൽ:<br>20 മിനിററ് വചനധ്യാനം:<br>20 മിനിററ് മദ്ധ്യസ്ഥ പ്രാർത്ഥന:<br>5 മിനിററ് അപേക്ഷ: | **4** നമ്മുടെ രാജ്യത്തിനു വേണ്ടി. സ്വാതന്ത്ര്യവും സമാധാനവും നിലനിൽക്കുവാൻ. പ്രസിഡന്റ്, പ്രധാനമന്ത്രി, മന്ത്രിമാരുടെ പേരു പറഞ്ഞ്. പൊതുതെരഞ്ഞെടുപ്പ് അടുത്തു വരുന്നു. നമ്മുടെ ദൈവം കാര്യങ്ങളെ നിയന്ത്രിക്കാൻ. സുവിശേഷം അറിയിക്കുന്നതിന് തടസ്സം ഇല്ലാതിരിക്കുവാൻ. | **11** രാഷ്ട്രീയ പാർട്ടി നേതാക്കൾക്കായി. ബി.ജെ.പി. നേതാക്കളായ എൽ.കെ. അദ്വാനി, രാജ്നാഥ് സിംഗ്, മുരളി മനോഹർ ജോഷ്, മായാവതി (ബി.എസ്.പി), മുലായാസിംഗ് യാദവ് (എസ്.പി), പ്രകാശ് കാരാട്ട്, സീതാറാം യച്ചൂരി (സി.പി.എം) ഇവരെല്ലാവരും ദൈവഭയത്തിൽ ജീവിക്കാൻ. | **18** വിവിധ സംസ്ഥാനങ്ങൾക്കായി ചത്തീസ്ഗഡ്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഡൽഹി, മിസ്സോറാം, ജമ്മു കാശ്മീർ തെരഞ്ഞെടുപ്പുകൾ ഈ നവംബറിൽ. സുവിശേഷത്തിന് അനുകൂലമുള്ളവർ അധികാരത്തിൽ വരാൻ. സുവിശേഷ വിരോധ സംഘടനയുടെ പേര് പറഞ്ഞ് നേതാക്കന്മാർക്കായി. സങ്കീ. 9 : 19, 20. | **25** നിങ്ങളുടെ സംസ്ഥാനത്തെ ഗവർണർ, മുഖ്യമന്ത്രി, മന്ത്രിമാർ ഇവരുടെ പേരു പറഞ്ഞ്. ഐ.എ.എസ്സ്., ഐ.പി.എസ്സ്, ഉദ്യോഗസ്ഥന്മാർക്കായി. ജില്ലാ കളക്ടർ, ആർ.ഡി.ഒ, കോർപ്പറേഷൻ, മുനിസിപ്പൽ, പഞ്ചായത്ത് സെക്രട്ടറിമാർ, വാട്ടർ, ഇലക്ട്രിസിറ്റി എൻജീനിയർമാർ, പോലീസ് ഉദ്യോഗസ്ഥർ ഓരോരുത്തർക്കായും. |
| **ചൊവ്വ** രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി |  | **5** രക്ഷിക്കപ്പെടാത്ത നിങ്ങളുടെ ബന്ധുജനങ്ങൾക്കായി. മടുത്തുപോകാതെ ശ്രദ്ധയോടെ. അവരോടു സുവിശേഷം പറയാനായി സന്ദർശിക്കുക. നല്ല പുസ്കങ്ങൾ വായിക്കാൻ കൊടുക്കുക. ചിലരെ സഭയിലേക്കു ക്ഷണിക്കുക. അവരെ ശരിയായ നിലയിൽ സ്വാഗതം ചെയ്യാൻ മുൻകൂട്ടി പറയുക. കർത്താവു വേഗം വരുന്നു. | **12** നിങ്ങളുടെ എം.പി., എം.എൽ.എ. എന്നിവർക്കായി. അവരോടു സുവിശേഷം പറയാൻ അവസരം ലഭിക്കാൻ. മേയർ, മുൻസിപ്പൽ ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർമാർ എന്നിവർക്കായി. വില്ലേജ് ആഫീസ്, ആർടിഒ. ഓഫീസ് എന്നിവ അഴിമതി വിമുക്തമാകുവാൻ. ടെലിഫോൺ, വൈദ്യുതി ലൈൻമാൻ,പോസ്റ്റ്മാൻ എന്നിവർക്കായി. | **19** ഒരുമിച്ച് ജോലി ചെയ്യുന്നവർക്കായി. ഒന്നാമത് നല്ല സാക്ഷ്യം പുലർത്തുക. കൂതുതൽ സംസാരിക്കാൻ. (പുരുഷന്മാർക്ക് പുരുഷന്മാരേയും, സ്ത്രീകൾക്ക് സ്ത്രീകളെയും). അതിനു പറ്റിയവരെ പരിചയപ്പെടുത്തുക. നല്ല ട്രാക്റ്റുകൾ ഇല്ലെങ്കിൽ പ്രിന്റ് ചെയ്യുക. അല്ലെങ്കിൽ പ്രിന്റ് ചെയ്യുന്നവർക്ക് സഹായം നൽകുക. കോളേജ്, സ്കൂൾ സഹപാഠികൾക്കായി പേര് പറഞ്ഞ്. | **26** ദിവസവും കണ്ടുമുട്ടുന്നവർക്കായി – പത്രക്കാരൻ, പാൽക്കാരൻ, പച്ചക്കറി, മീൻ തുടങ്ങിയവരുമായി. വിൽപ്പനയ്ക്കെത്തുന്നവർ, റേഷൻ കടക്കാരൻ, ബാർബർ, കാർ – സ്കൂട്ടർ മെക്കാനിക്ക്, നിങ്ങൾ സാധനങ്ങൾ വാങ്ങുന്ന കടക്കാരൻ, ജോലിക്കാർ ഇവർക്ക് ട്രാക്റ്റ്, സുവിശേഷ പ്രതികൾ ഇവ നൽകുക. |
| **ബുധൻ** സൗഖ്യമില്ലാത്തവർക്ക് വേണ്ടി | | **6** പകർച്ചവ്യാധികൾ പടരാതിരിക്കുവാൻ. വടക്കൻ മലബാറിൽ പലയിടത്തും ചിക്കുൻ ഗുനിയ ബാധിച്ച് വിശ്വാസികളും കഷ്ടപ്പെടുന്നു. അധികാരികൾ ഉണർന്നു പ്രവർത്തിക്കുവാൻ. ഗവ. ആശുപത്രി ഡോക്ടർമാർ, നേഴ്സുമാർ, പ്രൈവറ്റ് ആശുപത്രി ഡോക്ടർമാർ, ജോലിക്കാർ പഞ്ചായത്ത് – മുനിസിപ്പൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി. | **13** കാൻസർ രോഗത്താൽ ഭാരപ്പെടുന്നവർക്കായി. സഹോ. ജോർജ്ജ് (കുണ്ടറ)നു ലഭിച്ചുകൊണ്ടിരിക്കുന്ന ആശ്വാസത്തിനായി, ടി.എസ്. ജോൺ (പയ്യന്നൂർ), കെ.ജെ. ജോസഫ് (തിരുവനന്തപുരം), പി. മാത്യൂസ് (മണ്ണൂർ), ടോണി ജോൺ (യു.എസ്.എ). അസുഖം മാറിക്കൊണ്ടിരിക്കുന്ന എസ്തേറിനെ ഓർത്ത് സ്തോത്രം ചെയ്യാം. | **20** സഹോ. ചെറിയാൻ ചാണ്ടി (ബൈക്ക പകടം)ക്ക് ലഭിച്ച സൗഖ്യത്തിനായി സ്തോത്രം ചെയ്യാം. വിവധ അസുഖങ്ങളാൽ ഭാരപ്പെടുന്ന വി.ടി. ജോൺ (ചണ്ഡീഢഡ്), സുവി. എഡ്വിൻ പോൾ (ഫരിദാബാദ്), ടി.ജെ. തങ്കച്ചൻ (മുഹമ്മ), മേരി തോമസ് (യു.എസ്.എ.), തങ്കമ്മ ജോൺ (കൊട്ടാരക്കര), പി. ചാക്കോ (പെരിന്തൽമണ്ണ), ജോയ് കുഞ്ഞപ്പൻ (കൊട്ടാരക്കര) | **27** പ്രായാധിക്യത്തിലുള്ള മതാപിതാക്കൾക്കായി. അവർക്കു വേണ്ട സംരക്ഷണം ലഭിക്കാൻ. മക്കളുടെ ചുമതലകൾ നിർവഹിക്കാൻ – അവധിയെടുത്തും ജോലിവിട്ടും ശുശ്രൂഷിക്കാൻ. പ്രായമായ സോഹദരങ്ങൾ, പി.കെ. മാത്യൂസ് (തിരുവല്ല), വ.പി. ജേക്കബ് (തിരുവനന്തപുരം), ഫിലിപ്പ് എബ്രഹാം (കല്ലിശ്ശേരി) |
| **വ്യാഴം** സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | | **7** വൈ.എം.ഇ.എഫ്. കാമ്പയിനുകൾ, കർണ്ണാടകയിൽ തടസ്സം കൂടാതെ പ്രവർത്തിക്കുവാൻ. പുതുതായി സ്ഥലം സഭകൾ രൂപം കൊള്ളാൻ. പഞ്ചാബ് പ്രവർത്തനങ്ങൾക്കായി. കാലാവസ്ഥ, ടീംമഗങ്ങളുടെ സംരക്ഷണം. സാമ്പത്തീകാവശ്യങ്ങൾ, ഈ സംസ്ഥാനത്തിലെ അധികാരികൾക്കു വേണ്ടി. | **14** വടക്കേ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സുവിശേഷകന്മാർ ചെയ്യുന്ന ശുശ്രൂഷകൾക്കായി. പക്കാഞ്ചോർ, കാംകീർ, ബാലോദ് തുടങ്ങിയ ഛത്തീസ്ഗഡിലെ പ്രദേശങ്ങൾക്കായി. പലയിടത്തും നക്സലൈറ്റ് പ്രവർത്തനങ്ങൾ, സുവിശേഷത്തിന് തടസ്സം വരാതിരിക്കാൻ. അവരും രക്ഷിക്കപ്പെടുവാൻ. വിശ്വാസികളുടെ സംരക്ഷണത്തിനായി. | **21** ബില്ലിഗ്രഹാമിന്റെ കൊച്ചുമകൻ വിൽ ഗ്രഹാം ഡിസംബറിൽ കേരളത്തിൽ വരുന്നു. അനേകർ രക്ഷിക്കപ്പെടുവാൻ. റേഡിയോ – ടി.വി. പ്രവർത്തനങ്ങൾക്കായി. വിശ്വവാണി, ഫീബ ലിവിംഗ് വാട്ടേഴ്സ്, സദ്ഗമയ, അറേബ്യൻ ന്യൂസ് പ്രവർത്തനങ്ങൾക്കായി. ഹിന്ദി ടിവി പ്രോഗ്രാമിനു വേണ്ടി പ്രത്യേകം. | **28** ഭാരതത്തിലെ സഭകൾക്കും സുവിശേഷ വേലയ്ക്കും വലിയ പ്രോത്സാഹനം ലഭിക്കത്തക്കവിധം സ്റ്റിവാർഡ് അസോസിയേഷനു വേണ്ടി. പുതിയ തലമുറ ചുമതല ഏറ്റെടുക്കുന്നതിനായി. ജി.എഫ്.റ്റി.ഐ., കെ.ഇ.എം., ഐ.ഇ.റ്റി., ജനറൽ ഗോസ്പൽ ഫണ്ട് പ്രവർത്തനങ്ങൾക്കായി അതതു സെക്രട്ടറിമാർക്കു വേണ്ടി. |
| **വെള്ളി** ലോക രാജ്യങ്ങൾ | **1** ചൈനയ്ക്കു വേണ്ടി. ഒളിംബിക്സ് 8 ന് ആരംഭിക്കുന്നു. വിവിധ രാജ്യങ്ങളിൽ നിന്നെത്തുന്നവരും ചൈനക്കാരും അനേകർ രക്ഷിക്കപ്പെടുവാൻ. (പത്രം നോക്കിയാൽ അനേകം സ്പോർട്സ് താരങ്ങളുടെ പേരുകൾ കാണാം ചൈനയിൽ വലിയ ഉണർവ്വുണ്ടാകാൻ). ഒളിംബിക്സിൽ പങ്കെടുക്കുന്ന വിശ്വാസികൾ ചെയ്യുന്ന ആളാംപ്രതി വേലക്കായി. ചൈനയിലെ രഹസ്യ സഭകൾ. | **8** നമ്മുടെ അയൽ രാജ്യങ്ങൾക്കായി. പാക്കിസ്ഥാനുമായി സൗഹൃദത്തിൽ കഴിയുവാൻ. തീവ്രവാദികളെ പ്രോത്സാഹിപ്പിക്കാതിരിക്കാൻ. ശ്രീലങ്കയിലെ ആഭ്യന്തര പ്രശ്നങ്ങൾ അവസാനിപ്പിക്കുവാൻ. തമിഴ് പുലികൾക്കായി പ്രത്യേകം. നേതാവ് വേലുപിള്ള പ്രഭാകരൻ, മ്യാൻമാറിൽ സമാധാന ജനാധിപത്യം പുനഃസ്ഥാപിക്കുവാനും മിലിട്ടറി ഭരണാധികാരികൾക്കും. | **15** അമേരിക്കയ്ക്കു വേണ്ടി പ്രസിഡന്റ് ജോർജ്ജ് ബുഷ്, അടുത്ത പ്രസിഡന്റ് സ്ഥാനാർത്ഥികളായ ഒബാമ, മക്കെയിൻ എന്നിവർക്കായി. അവർ യഥാർത്ഥമായി രക്ഷയുടെ അനുഭവത്തിൽ വരാൻ. അമേരിക്കയിൽ ജോലിക്കും പഠനത്തിനുമായി പോയിട്ടുള്ള നമ്മുടെ യുവജനങ്ങൾ, സഭാംഗങ്ങൾ, എന്നിവർക്കായി. ദൈവഭയത്തിലും വിശ്വസ്ത സാക്ഷ്യം പുലർത്തിയും ജീവിക്കുവാൻ. | **22** ഗൾഫ് രാജ്യങ്ങൾക്കു വേണ്ടി പേരു പറഞ്ഞ്. ഇറാനുമായി സംഘർഷം ഉണ്ടാകാതിരിക്കാൻ. ഗൾഫ് ഭരണാധികാരികൾക്കായി സ്തോത്രം ചെയ്യാം. സഭാ ഹാളുകൾക്ക് സ്ഥലം അനുവദിച്ചവർക്കായി. ഷാർജയിൽ 2000 പേർക്ക് ഇരിക്കുവാൻ യൂണിയൻ ചർച്ച് പണി പൂർത്തിയാകുന്നു. ഗൾഫിലെ സഭകൾ ഉണർവ്വോടെ പ്രവർത്തിക്കുവാൻ. വ്യക്തിപരമായി സുവിശേഷം അറിയിക്കാൻ. | **29** 10/40 ജാലക രാജ്യങ്ങൾക്കുവേണ്ടി, 196 കോടി ജനങ്ങൾ മതനിയമങ്ങൾ പ്രാബല്യത്തിലിരിക്കുന്ന രാജ്യങ്ങളിൽ അധിവസിക്കുന്നു. സുവിശേഷീകരണ സ്വാതന്ത്ര്യം ഇല്ലാത്ത രാജ്യങ്ങൾക്കുവേണ്ടി. യിസ്രായേൽ – പാലസ്തീൻ പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കപ്പെടേണ്ടതിന്. |
| **ശനി** കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **2** ഓണാവധിക്കാലത്ത് നടക്കുന്ന കോളേജ് സ്റ്റുഡൻസ്, വൈ.എം.ഇ.എഫ്. ക്യാമ്പുകൾക്കായി. ചൈൽഡ് ഇവാൻജലിസം, ബാലസംഘം പ്രവർത്തനങ്ങൾ, പ്രവർത്തകർ. വി.ബി.എസ്. ശുശ്രൂഷയുടെ ആവശ്യങ്ങൾക്കായി. കർണ്ണാടകയിലെ ഉഗാറിൽ നടന്ന വി.ബി.എസിന്റെ അനുധാവന പ്രവർത്തനങ്ങൾക്കായി. വീടുകളിൽ നടക്കുന്ന ചിൽഡ്രൻസ് ക്ലബ്ബുകൾക്കായി. | **9** അനാഥശാലകൾ, രഹബോത്ത് തൃശൂർ (മിസ്ട്രഷർ) ദയാവിഹാർ, തിരുവല്ല (ടി.എസ്. കോശി), ബോയ്സ് ഹോം, ഇരിങ്ങാലക്കുട (ജോൺ ജോർജ്ജ്), കർണ്ണാടകയിലെ മലവള്ളി ബോയ്സ് ഹോമിനു വേണ്ടി. സൽപ്രവർത്തികളിൽ വിശ്വാസികൾ വർദ്ധിച്ചു വരേണ്ടതിന്. സഭകളുടെയും വ്യക്തികളുടെയും പങ്ക് നിർവഹിക്കുന്നതിനായി. | **16** ആശുപത്രികൾക്കായി. തിരുവല്ല മെഡിക്കൽ മിഷൻ, വാഴൂർ മന്ദമരുതി ബ്രാഞ്ചുകളിൽ ഡോക്ടേഴ്സിനായി. പുതിയ മെഡിക്കൽ കോളേജിനായി. കർണ്ണാടകയിലെ സങ്കേശ്വർ ആശുപത്രി, ആന്ധ്രയിലെ നരസപ്പൂർ, അംബാജിപേട്ട ആശുപത്രികൾക്കായി. പക്കാഞ്ചോറിലെ ആശുപത്രിയിൽ സമർപ്പണത്തോടെ ഡോക്ടേഴ്സിനായി ജോലിക്കാർക്കായി. | **23** സ്കൂളുകൾ, ഛത്തീസ്ഗഡിലെ ഇരുപ്പനാർ മിഷൻ സ്കൂൾ, തൃശ്ശൂർ നെല്ലിക്കുന്ന് രഹബോത്ത്, നോയൽ മെമ്മോറിയൽ സ്കൂളുകൾ, കുമ്പനാട് ബ്രദ്റൺ ഇംഗ്ലീഷ് മീഡിയം, ബാംഗ്ലൂർ ക്ലാരൻസ്, ഊട്ടിയിലെ ഹെബ്രോൻ, ജംതാരയിലെ മിഷൻ സ്കൂളിനായി. വടക്കേ ഇന്ത്യയിൽ പുതിയ സ്കൂളുകൾ സ്ഥാപിക്കാൻ നമ്മുടെ വിശ്വാസികൾക്ക് ദർശനം ലഭിക്കാൻ. | **30** കുമ്പനാട് മേഴ്സി ഹോമിനായി, കൊല്ലം സോദരീഭവനുവേണ്ടി, തൃശൂർ മിസ്സർഗ്രൻ വൃദ്ധമന്ദിരം, സങ്കേശ്വർ ഓൾഡ് ഏജ് ഹോം – മിഷനറി മിസ്കീസ്. തിരുവനന്തപുരത്തെ ആർദ്രം പ്രോജക്ട് (രോഗികൾക്ക് താമസിക്കാൻ) ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള പോൾ തിമോത്തി ട്രസ്റ്റിനായി. വെല്ലൂർ, ലുധിയാന മെഡിക്കൽ കോളേജുകൾ. |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,